മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 09 No. 24 THE ONLINE OFFICIAL NEWS BULLETIN 2026 June 11

SEASON OF PENTECOST പെന്തിക്കോസ്തികാലം ܥܕܢܐ ܕܦܢܛܩܘܣܛܝ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
14 (2) 3rd Sunday after Pentecost	15  (6) ✠ First Church estalished in the name of Virgin Mary	16  (2) Apostles' Fast Begins	17 (6)	18 (2)	19  (6) Comme. of St. James the apostle (First Bishop of Jerusalem)	20 (2)



Indian Consul General Masakui Rungsung graced the Grand Apostolic Reception in British Columbia and, in his address, acknowledged the strength and unity of Malankara Orthodox community in BC. HH Baselios Marthoma Mathews III, Catholicos presented the Consul General with a memento — a sacred moment where faith and civic life met, rooted in love.



പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി വൻകോവർ സെന്റ് ജോർജ് മലങ്കര ഓർത്തഡോക്സ് ഇടവകയിൽ എക്യൂമെനിക്കൽ സഭാ പ്രതിനിധികളൊപ്പം.



കോട്ടയം ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ 2026–27 വർഷത്തെ മുഖപത്രിക സ്രോതസ്സിന്റെ പ്രകാശന കർമ്മം പാമ്പാടി ദയറായിൽ വെച്ച് ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ് നിർവ്വഹിച്ചു.



HH Baselios Marthoma Mathews III Catholicos Releases QADISHO Souvenir Magazine (Publication of St. Gregorios Orthodox Church, Edmonton).



ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം തുമ്പമൺ ഭദ്രാസന കമ്മിറ്റിയുടെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാഘോഷവും സെമിനാറും പത്തനംതിട്ട കാതോലിക്കേറ്റ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്നു. കുറിയാക്കോസ് മാർ ക്ലിമ്മീസ് വലിയ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. യുവജനപ്രസ്ഥാനം ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. എബി എ. തോമസ് അധ്യക്ഷത വഹിച്ചു.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരിസ്ഥിതി കമ്മീഷന്റെ ആഭിമുഖ്യത്തിൽ പരിസ്ഥിതി വാരാചരണത്തിന് തുടക്കമായി. സഭാതല പ്രവർത്തനോദ്ഘാടനം നിരണം വലിയ പള്ളിയിൽ നടന്ന ചടങ്ങിൽ പരിസ്ഥിതി കമ്മീഷൻ പ്രസിഡന്റ് ഡോ. ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ നിർവഹിച്ചു. സഭാ പരിസ്ഥിതി കമ്മീഷൻ വൈസ് പ്രസിഡന്റ് ഫാ. ഡോ. കുര്യൻ ഡാനിയേൽ അധ്യക്ഷത വഹിച്ചു.

ചരിത്രരേഖകൾ


പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1951)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്

30-12-1951. ചെങ്കോട്ട, പത്തനാപുരം. രാവിലെ കാരിക്കോട്ടെ കത്തനാർ വി. കുർബ്ബാന ഇവിടെയുള്ള ആംഗ്ലിക്കൻ ചാപ്പലിൽ ചൊല്ലി. നാമും മെത്രാച്ചനും പള്ളിയിൽ പോയിരുന്നു. ഒമ്പതരയ്ക്കു കുർബ്ബാന കഴിഞ്ഞ് റ്റി.ബി. യിൽ എത്തി കാപ്പി കഴിഞ്ഞ് 10.15-നു പുനലൂർക്കു തിരിച്ചു. 12 മണിക്ക് വാളക്കോട്ടു പള്ളിയിൽ എത്തി. നമ്മുടെ വരവിനെ പ്രതീക്ഷിച്ച് വളരെപ്പേർ അവിടെ കൂടിയിരുന്നു. ഇന്ന് ടി ഇടവകയിലെ സണ്ടേസ്കൂൾ വാർഷിക മീറ്റിംഗ് ആയിരുന്നു. നാം അവിടെ കയറിയത് അവർക്കു വലിയ സന്തോഷമായിരുന്നു. മീറ്റിംഗിൽ 25 മിനിറ്റ് സമയം നാമും സംബന്ധിച്ചു. സി. ഐ. നൈനാൻ ഒരു ചെറു പ്രസംഗം ചെയ്തു. നാമും പത്തു മിനിട്ട് നേരം പ്രസംഗിക്കയും ഒന്നാമതു പാസ്സായ കുട്ടികൾക്കു സമ്മാനം കൊടുക്കയും ചെയ്തശേഷം ബി.ബി. യിലേക്കു തിരിച്ചു. ഉമ്മച്ചനും വന്നിരുന്നു. ബി.ബി. ചാപ്പലിൽ എത്തി ലുത്തിനിയായും ഉച്ചനമസ്കാരവും കഴിഞ്ഞ് ഉമ്മന്റെ വീട്ടിൽ എത്തി. ഉച്ചമേശ കഴിച്ചു. റ്റി. കെ. തോമസും അവിടെയുണ്ടായിരുന്നു. മേശ കഴിഞ്ഞ് മൂന്നു മണിക്ക് ഇവിടേക്കു തിരിച്ചു (പത്തനാപുരം). 4.15-നു ഇവിടെ എത്തി. ഇസ്സഹാക്കു കത്തനാരും, തോമസ് കത്തനാരും, ഫിലിപ്പ് സാറും മറ്റും ഇവിടെയുണ്ടായിരുന്നു. ഇന്ന് ഇവിടെ താമസിച്ചു. കല്ലൂപ്പാറ നിന്നും ഇടിച്ചാണ്ടിപ്പണിക്കരും ഡോ. ക്യാപ്റ്റൻ ഉമ്മനും ലാസർ ഇടവകക്കാരും മറ്റു പലരും വന്നിരുന്നു. മി. റ്റി. കെ. അലക്സാണ്ടർ വന്ന് ചില സംഗതികളെക്കുറിച്ചു പറഞ്ഞു.

ചരിത്ര സ്മരണീയമായ വൻ ദിനം

30-12-1951. പത്തനാപുരം, കോട്ടയം. മാർത്തോമ്മാ ശ്ലീഹാ കുത്തേറ്റ ദിവസമാകയാൽ ഇവിടുത്തെ കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. ഇന്ന് നമ്മെ കോട്ടയത്തേക്കു എതിരേറ്റു കൊണ്ടുപോകുന്ന ദിവസമാണ്. എട്ടരമണി ആയപ്പോഴേക്കും കോട്ടയത്തു നിന്നും മറ്റു സ്ഥലങ്ങളിൽ നിന്നും ആളുകൾ കാറുമായി വന്നിരുന്നു. അടൂർ മുതലാണ് ഘോഷയാത്ര നടത്തുന്നതെങ്കിലും പന്ത്രണ്ടു കാറോളം ഇവിടെ വന്നിരുന്നു. നാമും മെത്രാച്ചനും കൂടി ഒമ്പതു മണിക്ക് ഇവിടെനിന്നും അടൂർക്കു തിരിച്ചു. പത്തനാപുരം ലാസർ പള്ളിയിലും പറക്കോട്ടും വഴിമദ്ധ്യേ സ്വീകരണം ഉണ്ടായിരുന്നു. പത്തു മണിയായപ്പോൾ കണ്ണങ്കോട്ടു പള്ളിപ്പടിക്കൽ എത്തി. തീമോത്തിയോസ് മെത്രാച്ചൻ അവിടെ വന്നിരുന്നു. വലിയൊരു ജനക്കൂട്ടം കാറു വിടുന്നതിനു തന്നെ പ്രയാസമാകത്തക്കവിധം അവിടെ തിങ്ങിക്കൂടിയിരുന്നു. എഴുനൂറിൽപരം കാറുകൾ മനോഹരമായി അലങ്കരിച്ച് ഘോഷയാത്രയിൽ സംബന്ധിക്കുന്നതിനായി നിരന്നു കിടന്നിരുന്നത് കാണേണ്ടതു തന്നെയായിരുന്നു. പള്ളിയിൽ എത്തി ലുത്തിനിയാ കഴിഞ്ഞ് ഒരു ചെറുപ്രസംഗം ചെയ്തശേഷം ഘോഷയാത്ര ആരംഭിച്ചു. ആദ്യമായി രണ്ടു പൈലറ്റ് കാർ മുമ്പിൽ കൊടികളുമായി പോയി. അതിനു പുറകിലായിരുന്നു നമ്മുടെ കാറ്. യാത്ര ആരംഭിച്ചപ്പോൾ 750-തോളം കാറുകൾ ഉണ്ടായിരുന്നു. എല്ലാ കാറുകളിലും കാതോലിക്കേറ്റ് പതാക ഉണ്ടായിരുന്നു. വഴിമദ്ധ്യേയുള്ള എല്ലാ പള്ളിക്കാരും റോഡ് സൈഡിൽ അലങ്കരിച്ച് നമ്മെ സ്വീകരിച്ചിരുന്നു. വീടുകളുടെ പടിക്കൽ കത്തിച്ച നിലവിളക്കുകൾ വച്ചുവിരിച്ചു അലങ്കരിച്ചു വച്ചിരുന്നു. പതിനൊന്നരയ്ക്കു മുളക്കുഴ എത്തി. അവിടെ മുതൽ പുത്തൻകാവു പള്ളി വരെ റോഡിൽ ഭംഗിയായി അലങ്കരിച്ചിരുന്നു. മുളക്കുഴയായപ്പോഴേക്കും ആളുകളുടെ സംഖ്യ പതിന്മടങ്ങ് വർദ്ധിച്ചിരുന്നു. 12 മണിക്ക് പുത്തൻകാവു പള്ളിയിൽ എത്തി ലുത്തിനിയാ കഴിഞ്ഞ് കബറുങ്കൽ ധൂപം വയ്ക്കുകയും ഒരു ചെറു പ്രസംഗം ചെയ്യുകയും ചെയ്തശേഷം യാത്ര തുടർന്നു. ഇവിടം മുതൽ നാമും മെത്രാച്ചന്മാരും ഇരുന്നത് അരയന്നാകൃതിയിൽ വളരെ പണം ചിലവാക്കി സുപ്രസിദ്ധ അലങ്കാര വിദഗ്ദ്ധന്മാരാൽ നിർമ്മിതമായതും, ഏറ്റം മനോഹരമേറിയതുമായ ഒരു രഥത്തിലായിരുന്നു. പുത്തൻകാവ് തെരുവു



മുഴുവൻ കമനീയമായി അലങ്കരിച്ചിരുന്നു. ഇവിടെ കാണപ്പെട്ടത് ഒരു മനുഷ്യമഹാസമുദ്രം തന്നെയായിരുന്നു. ആൾപ്പെരുപ്പം മൂലം ഇവിടെ നിന്നും ചെങ്ങന്നൂർ എത്തുന്നതിന് ഒരു മണിക്കൂർ വേണ്ടി വന്നു. ഒരു മണിക്കു രഥം ചെങ്ങന്നൂർ ബഥേലിനു സമീപം എത്തി. അപ്പോൾ കുന്നംകുളത്തു നിന്നും, പഴഞ്ഞിയിൽ നിന്നും മറ്റും വന്നിരുന്നവർ നമ്മെ ഹാരമണിയിച്ചു. കൂടാതെ ചെങ്ങന്നൂരെ സ്വതന്ത്ര സ്ഥാനാർത്ഥി ശിവരാമൻ നായരും നമ്മെ ഹാരമണിയിച്ചു. "കാതോലിക്കാ സിംഹാസനം വിജയിക്കട്ടെ. കാതോലിക്കാ ബാവാ തിരുമേനി നീണാൾ വാഴട്ടെ" എന്നും മറ്റുമുള്ള അട്ടഹാസങ്ങളാലും ചിയേഴ്സ് വിളികളാലും അന്തരീക്ഷം നിറഞ്ഞിരുന്നു.

ബഥേലിൽ ഇറങ്ങി ലുത്തിനിയായും ഉച്ചനമസ്കാരവും ഭക്ഷണവും കഴിഞ്ഞ് രണ്ടു മണിക്ക് വീണ്ടും ഘോഷയാത്ര ആരംഭിച്ചു. പുറകോട്ടു നോക്കിയാൽ നോക്കെത്താത്തവണ്ണം കാറുകൾ രഥത്തിനു മുമ്പേ നമ്മെ അനുയാത്ര ചെയ്തിരുന്നു. ചെങ്ങന്നൂർ പള്ളി വകയായും മറ്റും പുത്തൻവീട്ടിൽ പടിക്കലും ഇറപ്പുഴ പാലത്തിനു സമീപവും വലിയ സ്വീകരണങ്ങൾ ഉണ്ടായിരുന്നു. ഉമയാറ്റുകര പള്ളിപ്പടിക്കൽ മനോഹരമായ ആർച്ചുകളും മറ്റും കെട്ടി അലങ്കരിച്ചിരുന്നു. രഥം പള്ളിപടിക്കൽ നിന്നപ്പോൾ വികാരി ഗീവറുഗീസ് കത്തനാർ അലങ്കരിച്ച കത്തിച്ച മെഴുകുതിരി തന്ന് നമ്മെ സ്വീകരിച്ചു. വലിയൊരു ജനക്കൂട്ടം അവിടെ കൂടിയിരുന്നതുകൊണ്ട് പത്തു മിനിട്ടു നേരം ഉച്ചഭാഷിണിയിൽ കൂടി നാം പ്രസംഗിച്ച ശേഷം യാത്ര തുടർന്നു. മഴുക്കീർ, കുറ്റൂർ മുതലായ സ്ഥലങ്ങളിലും സ്വീകരണങ്ങൾ ഉണ്ടായിരുന്നു. തിരുമൂലപുരം പള്ളിപ്പടിക്കൽ എത്തിയപ്പോൾ അവിടെയും ജനം കൂടിയിരുന്നു. അവരും ഹാരമണിയിച്ചു സ്വീകരിച്ചു. തിരുവല്ലാ എസ്.സി. കവലയിൽ ഒരു ആർച്ച് കെട്ടി വളരെ ആളുകൾ കൂടിയിരുന്നു. വീണ്ടും തിരുവല്ലാ സെൻട്രൽ കവലയിൽ ഏറ്റം മനോഹരമാംവണ്ണം ആർച്ചുകൾ കെട്ടി പല നിറത്തിലുള്ള ഇലക്ട്രിക് ബൾബുകളാലും മറ്റും അലംകൃതമാക്കിയിരുന്നു. പന്തലിൽ രഥം നിർത്തിയപ്പോൾ ഏലിയാസ്

തോമസ് കത്തനാർ, പുന്നൂസ് കത്തനാർ, സി.സി. ജോർജ് കത്തനാർ, ചാലക്കുഴിയിൽ കത്തനാർ, മണലിൽ കത്തനാർ ആദിയായവർ കൂടി ഹാരമണിയിച്ച് നമ്മെ സ്വീകരിക്കയും, ശീതളപാനീയങ്ങൾ നൽകുകയും ചെയ്തു. വമ്പിച്ച ജനാവലി നാനാഭാഗത്തു നിന്നും ഇവിടെ കൂടിയിരുന്നു. ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നതിന് പോലീസിനു പോലും പ്രയാസമായിരുന്നു. ഇവിടെയും നാം 15 മിനിറ്റു നേരം പ്രസംഗം ചെയ്തു. വീണ്ടും യാത്ര പുറപ്പെട്ടു. വേങ്ങൽ പള്ളി വകയായും ചങ്ങനാശ്ശേരിയിലുള്ള നമ്മുടെ ആളുകളുടെ വകയായും വലിയ സ്വീകരണങ്ങൾ ഉണ്ടായിരുന്നു. കുറിച്ചിക്കാരുടെ വകയായി റോഡരുകിൽ ആർച്ചുകളും മറ്റും കെട്ടിഒരുക്കി ഇടവകക്കാർ കൂടിയിരുന്നു. ചിങ്ങവനത്തു വച്ച് കുഴിമറ്റം, പാത്താമുട്ടം എന്നീ പള്ളിക്കാരുടെ വകയായി മൂന്നു വലിയ സ്വീകരണങ്ങൾ ഉണ്ടായിരുന്നു. വഴിമദ്ധ്യേയുള്ള വീടുകളിൽ കക്ഷിഭേദമില്ലാതെ ആളുകൾ വീടുകളുടെ മുൻവശത്ത് വച്ചു വിരിച്ചു വിളക്കു കത്തിച്ച് ഭംഗിയായി വച്ചിരുന്നു. പള്ളം പള്ളിയുടെയും മറ്റു പല വീടുകളുടെയും മുൻഭാഗത്ത് ആർച്ചുകളും മറ്റും കെട്ടി അലങ്കരിച്ചിരുന്നു. നാലര മണിയോടു കൂടി കോടിമത ചിറയിൽ നിന്നും കോട്ടയത്തിന്റെ അതിർത്തിയിൽ എത്തി. ഇരുവശങ്ങളിലും ഇടമുറിയാതെ എം.ഡി. സെമിനാരി വരെ ആളുകൾ കൂട്ടംകൂട്ടമായി നിന്നിരുന്നു. കോട്ടയത്തു തന്നെ ആറു സ്ഥലങ്ങളിൽ ആർച്ചുകളും മറ്റും കെട്ടി അലങ്കരിച്ചിരുന്നു. തിരുനക്കര വച്ചും ചന്തഭാഗത്തു വച്ചും മനോരമ ആപ്പീസിന്റെ മുമ്പിൽ വച്ചും പുഷ്പഹാരം അണിയിക്കുകയുണ്ടായി.

അഞ്ചര മണിക്ക് രഥം എം.ഡി. സെമിനാരിയിൽ എത്തി. സെമിനാരി കോമ്പൗണ്ട് നിറയെ ആളുകൾ തിങ്ങിക്കൂടിയിരുന്നു. നാം രഥത്തിൽ നിന്നും ഇറങ്ങിയപ്പോൾ പാമ്പാടി മെത്രാച്ചൻ നമ്മെ പുഷ്പഹാരമണിയിച്ചു. ലുത്തിനിയായും കാപ്പിയും കഴിഞ്ഞ് ചരിത്രപ്രസിദ്ധമായ ആ മഹാസമ്മേളനം ആരംഭിച്ചു. പ്രസംഗങ്ങളും മറ്റും കേൾക്കത്തക്കവണ്ണം ഉച്ചഭാഷിണി പ്രത്യേകം ഘടിപ്പിച്ചിരുന്നു. ആദ്യമായി തിരുവനന്തപുരം പള്ളി വികാരി ചെറിയമഠത്തിൽ സ്കറിയാ മല്പാനും, ടി പള്ളി ട്രസ്റ്റിയും നമ്മെ ഹാരമണിയിച്ചു. കാതോലിക്കാ മംഗള ഗാനത്തോടു കൂടി മീറ്റിംഗ് തുടങ്ങി. ടി. എസ്. ഏബ്രഹാം കത്തനാർ ശക്തിയുക്തം ഒരു പ്രസംഗം ചെയ്തു. കേസിന്റെ വിധി മൂലം നാം ഒരു പ്രകാരത്തിൽ തോറ്റെങ്കിലും പരിപൂർണ്ണമായി നാം ജയിച്ചിരിക്കയാണെന്നും, അബ്ദൽ മശിഹാ പാത്രിയർക്കീസ് ബാവാ ശരിയായ പാത്രിയർക്കീസാണെന്നും മറ്റും വിധിച്ചു കിട്ടിയപ്പോൾ നമ്മുടെ കാതോലിക്കാ സിംഹാസനം ഉറയ്ക്കുകയും സ്വതന്ത്രയാകുകയുമാണ് ചെയ്തിരിക്കുന്നത് എന്നും തോൽവി എതൃകക്ഷിക്കാർക്കാണ് പറ്റിയിരിക്കുന്നതെന്നും ഇനിയും നമുക്ക് സ്വതന്ത്രമായി നിന്ന് ഏകയോഗക്ഷേമമായി പ്രവർത്തിച്ചു മുമ്പോട്ടു പോകണമെന്നും പ്രസംഗത്തിൽ പറഞ്ഞു.

പിന്നീട് മാമ്മൻ മാപ്പിളയുടെ പ്രസംഗമായിരുന്നു. ടിയാന്റെ പ്രസംഗത്തിൽ നമ്മുടെ സമുദായത്തിന്റെ ഒരു പൂർവ്വചരിത്രം വിശദമാക്കുകയും ഇന്ന് നാം സ്വതന്ത്രരായിത്തീർന്നിരിക്കുന്നെന്നും ഇനിയും വിദേശബന്ധം നമുക്ക് വേണ്ടെന്നും, സ്വതന്ത്രമായതോടെ കാതോലിക്കാ സിംഹാസനത്തിന്റെ പുരോഗമനത്തിനായി പ്രവർത്തിക്കണമെന്നും പഴയസെമിനാരിയോ മറ്റ് സ്ഥാപനങ്ങളോ പോകുകയാണെങ്കിൽ അതൊരു നഷ്ടമായിരിക്കയില്ലെന്നും കാതോലിക്കാ അരമനയ്ക്കായി ഒരു കെട്ടിടവും ഏഴര ഏക്കർ സ്ഥലവും ഒന്നര ലക്ഷം രൂപയ്ക്ക് ഇടപാടു ചെയ്തെന്നും ഒരു ലക്ഷം രൂപാ ഇപ്പോൾ കിട്ടിയിട്ടുണ്ടെന്നും, ബാക്കി അര ലക്ഷം രൂപയും ഉടനെ ആവശ്യമായിരിക്കുന്നതിനാൽ എല്ലാവരും ഇതിൽ പണം തന്ന് സഹകരിക്കണമെന്നും മറ്റും ശക്തിയായി പ്രസ്താവിച്ചിരുന്നു. ഇതുവരെ പണം തന്നവരുടെ ലിസ്റ്റ് കൊച്ചുകൊച്ച് വായിച്ചു കേൾപ്പിച്ചു. പിന്നീട് സി. ഐ. നൈനാൻ വികാരാവേശനായി ഒരു പ്രസംഗം ചെയ്യുകയും കാതോലിക്കാ സിംഹാസനത്തിൽ ഞങ്ങൾ എന്നും നിലനിന്ന് ഭക്തിയുള്ളവരായിരിക്കുമെന്ന് ജനങ്ങളെ പ്രതിനിധീകരിച്ചുകൊണ്ട് മൂന്നു പ്രാവശ്യം സത്യം ചെയ്തു. അപ്പോൾ അടുത്തുള്ള കത്തോലിക്കാ പള്ളിയിൽ നിന്നും മണിനാദം മുഴങ്ങിയത് ഒരു ശുഭലക്ഷണമായി എല്ലാവരും കരുതി. പിന്നീട് വട്ടക്കുന്നേൽ മാത്യൂസ് റമ്പാൻ ഒരു ചെറു പ്രസംഗത്തോടു കൂടി ഒരു സത്യവാചകം വായിച്ചു. എല്ലാവരും എഴുന്നേറ്റ് നിന്ന് ഏറ്റുചൊല്ലിയ രംഗം ഏതൊരുവനെയും കോൾമയിർ കൊള്ളിക്കുന്നതായിരുന്നു. സത്യവാചകം ഇതാകുന്നു: "മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ജന്മസിദ്ധമായ സ്വാതന്ത്ര്യം ഞങ്ങൾ ഉറപ്പിച്ചു പ്രഖ്യാപിക്കുകയും, അതിന്റെ പ്രത്യക്ഷ ചിഹ്നമായ കാതോലിക്കാ സിംഹാസനത്തിന്റെ കൊടിക്കീഴിൽ ഞങ്ങളും ഞങ്ങളുടെ സന്താനപരമ്പരകളും ഭക്തിപൂർവ്വം നിലനിൽക്കുന്നതാണെന്ന് സത്യം ചെയ്യുകയും ചെയ്തുകൊള്ളുന്നു." ഇത് ഏറ്റുചൊല്ലി കഴിഞ്ഞപ്പോഴും കത്തീഡ്രൽ പള്ളിയിൽ നിന്നും അവിചാരിതമായി മണിനാദം മുഴങ്ങുകയും, വെടിയുടെശബ്ദം കേൾക്കുകയും ചെയ്തു. ഇത് രണ്ടാമത്തെ കൂനൻകുരിശ് സത്യമായി എല്ലാവരും വിചാരിച്ചു. ഇതിനുശേഷം സി. എം. സ്റ്റീഫൻ പ്രസംഗിച്ചു. സ്റ്റീഫന്റെ പ്രസംഗം സിംഹഗർജ്ജനമായിരുന്നു എന്ന് പത്രക്കാർ പോലും റിപ്പോർട്ടു ചെയ്തിരുന്നു. ആളുകൾക്കെല്ലാം ഉത്സാഹവും ഊർജ്ജിതവും വരത്തക്കവണ്ണമുള്ള പ്രസംഗമായിരുന്നു അത്. മാർ യൂലിയോസ്, കേസിന്റെ ഈ വിധി കഴിഞ്ഞശേഷം പത്രത്തിൽ പരസ്യപ്പെടുത്തിയ കല്പനയെപ്പറ്റി ആവശ്യമാംവണ്ണം വിവരിക്കയും ശീമക്കാരുടെ കാലിത്തൊഴുത്തിൽ ഓർത്തഡോക്സ് സഭാംഗങ്ങൾ എന്തെല്ലാം കഷ്ടനഷ്ടങ്ങൾ വന്നാലും ഒരു കാലത്തും സന്താനപരമ്പരയുടെ കാലത്തോളം ഒരിക്കലും കടക്കുന്നതല്ലെന്നും, ആ കാലിത്തൊഴുത്തിൽ ഓർത്തഡോക്സുകാർ ചെല്ലുമെന്നുള്ള ആ വിചാരം വെറും നിരർത്ഥകമാണെന്നും മറ്റും പ്രസ്താവിക്കുകയുണ്ടായി. അനന്തരം നാം പ്രസംഗിച്ചു. വിധി പറഞ്ഞ അവസരത്തിൽ നാം കൽക്കട്ടായിലായിരുന്നെന്നും, വെറും മനഃപൂർവ്വമായി നമുക്കു ദോഷം ചെയ്തതായിരിക്കുമെന്നും, ഇതുകൊണ്ടു നമുക്കു ദോഷമൊന്നുമില്ലെന്നും, അബ്ദൽ മശിഹാ ബാവായുടെ സ്ഥാനം സ്ഥിരമായെന്നും, കാതോലിക്കാ സ്ഥാപനം എന്നെന്നേക്കും സ്ഥിരമായി ഉറച്ച് സ്വതന്ത്രമായി എന്നും മറ്റും വിശദമായി പറകയും വെള്ളിയാഴ്ച ദിവസം സത്യത്തെ (യേശു മശിഹായെ) പീലാത്തോസ് കുരിശിപ്പാൻ വിധിച്ചെന്നും അത് ഞായറാഴ്ച മഹത്വത്തോടെ ഉയിർത്തപ്രകാരം വെള്ളിയാഴ്ച ഉണ്ടായ ഈ വിധി ഞായറാഴ്ച ഉയിർത്ത് മഹത്വം പ്രാപിക്കുമെന്നും ആരും അധൈര്യപ്പെടരുതെന്നും എല്ലാം നന്മയ്ക്കാണെന്നും മറ്റും നാം പ്രസംഗത്തിൽ പറഞ്ഞു. നമ്മുടെ ജനങ്ങൾക്ക് വിഷമം ഒന്നും ഇല്ലാതെ സന്തോഷമായിരിക്കുന്നു എന്ന് ഇന്നത്തെ ഈ സ്വീകരണവും മീറ്റിംഗും കൊണ്ടു മനസ്സിലായതിൽ ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടും, മാർത്തോമ്മാ ശ്ലീഹാ കുത്തേറ്റ ദിനമായ ഇന്ന് ഈ സംഭവങ്ങൾ ഉണ്ടായത് ഒരു ദൈവനിശ്ചയമാണെന്നും, ഇന്ന് നമ്മുടെ സഭയുടെ സ്വാതന്ത്ര്യം പ്രഖ്യാപനം ചെയ്തിരിക്കുന്നു എന്നും മറ്റും പറഞ്ഞുകൊണ്ട് പ്രസംഗം അവസാനിപ്പിച്ചു. അനന്തരം അരമന ഫണ്ടിലേക്കുള്ള പണം ഇടീലും ചിയേഴ്സ് വിളിയും കഴിഞ്ഞ് മീറ്റിംഗ് അവസാനിച്ചു. നാം സന്ധ്യാനമസ്കാരം കഴിഞ്ഞ് ഇവിടേക്കു (പഴയസെമിനാരി) പോന്നു. ദീവന്നാസ്യോസ് മെത്രാച്ചനും നമ്മോടു കൂടി ഇവിടെ എത്തി.

1-1-1952. കോട്ടയം. ഇന്നു രാവിലെ മുറിമറ്റത്തച്ചൻ വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാന കഴിഞ്ഞ് പലയാളുകളും നമ്മെ സന്ദർശിച്ചു. എം. പി. ജോർജ് വന്നിരുന്നു. ദീവന്നാസ്യോസ് മെത്രാച്ചൻ ഉച്ചകഴിഞ്ഞ് തിരുവല്ലായ്ക്ക് പോയി.

2-1-1952. കോട്ടയം. രാവിലെ പത്തനംതിട്ടക്കാരൻ ഈപ്പൻ കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാന കഴിഞ്ഞ് പത്തര മണിയോടുകൂടി മാങ്ങാനത്തിനു പോയി. മാനേജരു കത്തനാരും ഫീലിപ്പോസ് കത്തനാരും നമ്മോടു കൂടെയുണ്ടായിരുന്നു. പോകുന്ന വഴി ഇപ്പോൾ പുതുതായി അരമനയ്ക്കായി വാങ്ങിയ ദേവലോകം എന്ന സ്ഥലവും കെട്ടിടവും സന്ദർശിച്ചു. മാങ്ങാനത്തു നിന്നും ഉച്ചനമസ്കാരം കഴിഞ്ഞ് തിരിച്ചുപോന്നു. പാപ്പിയും മറ്റും വന്നിരുന്നു. ഉച്ചകഴിഞ്ഞ് പാറേട്ടച്ചനും, കുറിയാക്കോസ് കത്തനാരും മറ്റു പലരും വന്നിരുന്നു. മാത്തുക്കുട്ടി വന്ന് ചില സംഗതികളെപ്പറ്റി പറയുകയുണ്ടായി.

3-1-1952. കോട്ടയം. ഇന്ന് മാർത്തോമ്മാ ശ്ലീഹാ മരിച്ച ദിവസമാകയാൽ നാം വി. കുർബ്ബാന അർപ്പിച്ചു. ഫീലിപ്പോസ് കത്തനാർ വന്നിരുന്നു. പള്ളിയിൽ കുറെ ആളുകൾ വന്നിരുന്നു. വോട്ട് ഇന്നാകയാൽ മാനേജരു കത്തനാരും മറ്റും പോയി വോട്ടു ചെയ്തു. ഉച്ചകഴിഞ്ഞ് കറിയാക്കുട്ടി വന്നു ചില കാര്യങ്ങൾ പറഞ്ഞു.

4-1-1952. ഇന്നും പലരും വന്നിരുന്നു. ഏലിയാസ് തോമസ് കത്തനാർ വന്നു ചില സംഗതികൾ പറഞ്ഞു. വെണ്ണിക്കുളത്തുകാർ മൂന്നാലുപേരും ഉണ്ടായിരുന്നു. കവിയൂർ പള്ളിയിലെ ട്രസ്റ്റി വന്നിരുന്നു. വാലാപ്പറമ്പിൽ കത്തനാർ ദീവന്നാസ്യോസ് മെത്രാച്ചന്റെ ഒരു എഴുത്തും കൊണ്ടുവന്നിരുന്നു. അയാളെപ്പറ്റിയുള്ള സംഗതികൾ മെത്രാച്ചന്റെ ഇഷ്ടംപോലെ ചെയ്യുന്നതിന് നാം കല്പന കൊടുത്തു.

5-1-1952. കോട്ടയം. രാവിലെ ഫീലിപ്പോസ് കത്തനാർ കുർബ്ബാന അർപ്പിച്ചു. കുർബ്ബാന കഴിഞ്ഞ് ഒമ്പതരയ്ക്കു വൈദികയോഗം നടത്തുന്നതിന് എം.ഡി. യിലേയ്ക്കു പോയി. പത്തര മണിക്കു യോഗം ആരംഭിച്ചു. മുപ്പതിൽപ്പരം വൈദികർ ഇതിൽ സംബന്ധിച്ചു. വട്ടക്കുന്നേൽ റമ്പാച്ചനും, പാറേട്ടച്ചനും, പാറയ്ക്കൽ

കത്തനാരും ഓരോ ചെറു പ്രസംഗങ്ങൾ ചെയ്തു. കാതോലിക്കാ സ്ഥാപനത്തോടും മറ്റുമുള്ള ഭക്തിബഹുമാനാദരവുകൾ പ്രകടിപ്പിച്ചുകൊണ്ടുള്ള പ്രമേയം കെ. ഫീലിപ്പോസ് കത്തനാർ അവതരിപ്പിച്ചു. എല്ലാവരും എഴുന്നേറ്റു നിന്നു പാസ്സാക്കി. നമ്മുടെ ഉപസംഹാരത്തിനു ശേഷം പന്ത്രണ്ടരയ്ക്കു യോഗം അവസാനിച്ചു. പല സംഗതികളെപ്പറ്റിയും ആലോചിക്കയുണ്ടായി. രണ്ടു മണിക്ക് മാങ്ങാനത്തു പോയശേഷം തിരിച്ച് ഇവിടെ എത്തി. നട്ടാശ്ശേരിൽ നടത്തുന്നതിനു മുളക്കുളത്തു നിന്നും യൗസേഫ് കത്തനാർ വന്നിട്ടുണ്ട്.

6-1-1952. കോട്ടയം. രാവിലെ ഫീലിപ്പോസ് കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ പ്രസംഗിച്ചു. നമ്മുടെ കഴുത്തിന് ഒരു വേദന ഇന്നലെ തുടങ്ങി. ഇന്ന് കുറവില്ലാത്തതിനാൽ നാം കുർബ്ബാന ചൊല്ലിയില്ല. കുർബ്ബാന കഴിഞ്ഞ് പലയാളുകളും വന്നു നമ്മെ കണ്ടു.

7-1-1952. കോട്ടയം. നമ്മുടെ കർത്താവിന്റെ ജനനപെരുന്നാൾ. രാത്രി ഒരു മണിക്ക് നമസ്കാരം ആരംഭിച്ചു. നമസ്കാരം രാത്രിയുടേത് കഴിഞ്ഞ് യൽദായുടെ ശുശ്രൂഷകൾ നടത്തി. ഫീലിപ്പോസ് കത്തനാരും വന്നിരുന്നു. ശുശ്രൂഷ കഴിഞ്ഞ് നാം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനയുടെ അവസാനത്തിൽ നമുക്ക് വലിയ ക്ഷീണം തോന്നിച്ചിരുന്നു. കഴുത്തിന്റെ വേദനയ്ക്ക് വലിയ കുറവൊന്നും കാണുന്നില്ല. മരുന്നുകൾ പലതും ചെയ്യുന്നുണ്ട്. കുർബ്ബാന കഴിഞ്ഞ് ഫീലിപ്പോസ് കത്തനാർ പ്രസംഗിച്ചു. ആറര മണിക്ക് എല്ലാം അവസാനിച്ചു. മാമ്മൻ മാപ്പിളയും മറ്റും പള്ളിയിൽ വന്നിരുന്നു. ഉച്ചകഴിഞ്ഞ് എണ്ണച്ചേരിൽ അച്ചൻ വാകത്താനത്തു നിന്നും, കീക്കൊഴൂർക്കാരൻ കത്തനാർ പാതിക്കാട്ടു നിന്നും വന്നിരുന്നു. സന്ധ്യയോടു കൂടി സമുദായ സെക്രട്ടറി ജോസഫ് വന്ന് മാനേജിംഗ് കമ്മിറ്റി കൂടുന്ന സംഗതിയെപ്പറ്റിയും മറ്റും പറഞ്ഞു. ഒമ്പതു മണിക്ക് മണലിൽ യാക്കോബ് കത്തനാരും വന്നു.

8-1-1952. കോട്ടയം. ദൈവമാതാവിന്റെ പുകഴ്ചപെരുന്നാളാകകൊണ്ട് വി. കുർബ്ബാന മാനേജരു കത്തനാർ ചൊല്ലി. നമുക്ക് ഇന്നും നല്ല സുഖം ഇല്ല. കഴുത്തിന്റെ വേദന പറയത്തക്കവണ്ണം കുറവൊന്നുമില്ല. ഇന്ന് ഉച്ചകഴിഞ്ഞ് വയസ്കര നിന്നും മൂസ്സസിനെ കൊണ്ടുവന്നു. നമ്മുടെ രോഗവിവരങ്ങൾ പറഞ്ഞു. ഒരു എണ്ണ കഴുത്തിൽ പുരട്ടി ആവി പിടിക്കുന്നതിനും, തലയിൽ തേക്കുന്നതിനുമായി തന്നു. കൊച്ചുകൊച്ചും അയാളുടെ കൂടെ വന്നിരുന്നു. മററത്തിൽ ശമുവേൽ കത്തനാർ മലബാറിൽ നിന്നും വന്നു.

9-1-1952. കോട്ടയം. ഇന്ന് ശിശുവധപ്പെരുന്നാളാകയാൽ ഫീലിപ്പോസു കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. മാനേജരു കത്തനാരും മണലിൽ കത്തനാരും കൂടി തിരുവനന്തപുരത്തിനു പോയി. നാം ചികിത്സാർത്ഥം മദ്രാസിന് വെള്ളിയാഴ്ച പോകുന്നതുകൊണ്ട് ഫീലിപ്പോച്ചന്റെ മകന്റെ കല്യാണത്തിനു ചെല്ലാൻ ഒക്കുകയില്ലെന്നും മറ്റും പറയുന്നതിനും കേസു കാര്യത്തെപ്പറ്റി അന്വേഷിക്കുന്നതിനും മറ്റുമാണ് അവർ പോയത്. ഉപ്പൂട്ടിലെ കുഞ്ഞച്ചൻ വന്ന് കുറെ ഞവര അരിയും, നെയ്യും നമുക്കു തന്നു.

കടമ്പനാട്ടുകാർ (വികാരിയച്ചനും, ട്രസ്റ്റിയും മറ്റ് രണ്ടുമൂന്നു പേരും) കൂടി വന്ന് ടി പള്ളിക്കാര്യത്തെപ്പറ്റിയും മറ്റും പറഞ്ഞു. പള്ളിപണിക്ക് ടെണ്ടർ കൊടുക്കുന്ന സംഗതിയെപ്പറ്റി പറഞ്ഞു. ദീവന്നാസ്യോസ് മെത്രാച്ചൻ സന്ധ്യയോടു കൂടി വന്നതിനാൽ അടുത്ത ഞായറാഴ്ച അവിടെ പോയി കാര്യങ്ങൾ വേണ്ടവണ്ണം നിർവ്വഹിക്കുന്നതിനായി മെത്രാച്ചനെയും നൈനാനെയും ചുമതലപ്പെടുത്തി കല്പന കൊടുത്തു. വെളുപ്പിന് അവർ പോകയും ചെയ്തു. മെത്രാച്ചൻ ഇടവക സംബന്ധമായും മറ്റും പല സംഗതികൾ പറഞ്ഞു. 11 മണിക്കു തിരിച്ചുപോയി.

10-1-1952. കോട്ടയം. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു ഫീലിപ്പോസു കത്തനാരും വന്നിരുന്നു. പുത്തൻകാവിൽ നിന്നും മോടിശ്ശേരിൽ കത്തനാരും നിരണത്തു നിന്നും ജോർജ് കത്തനാരും, പരുമല മാനേജരു കത്തനാരും വന്നു ചില സംഗതികൾ പറഞ്ഞു. മററത്തിൽ ശമുവേൽ കത്തനാർ മേപ്പാടിയിൽ നമ്മുടെ ആളുകൾ നമ്മുടെ പേർക്ക് എഴുതിച്ച രണ്ട് ഏക്കർ സ്ഥലത്തിന്റെ ആധാരം കൊണ്ടുവന്നത് നാം രജിസ്ട്രാരെ ഇവിടെ വരുത്തി ടിയാന്റെ സന്നിധിയിൽ ഒപ്പിട്ട് ശമുവേൽ കത്തനാരെ ഏല്പിച്ചു. നാലു മണിക്ക് മോടിശ്ശേരിൽ കത്തനാരും മട്ടയ്ക്കൽ ജോർജ് കത്തനാരും പോയി. നാം പറഞ്ഞതനുസരിച്ച് പരുമല കത്തനാർ ഇവിടെ താമസിച്ചു.

വട്ടക്കുന്നേൽ റമ്പാച്ചൻ വന്നിട്ടുണ്ടായിരുന്നു. അഞ്ചര മണിക്ക് സമുദായക്കേസ് റിവ്യൂഹർജി തള്ളിയതിനെ തുടർന്നുള്ള വിധി നടത്തിന് നോട്ടീസ് എതൃഭാഗത്തുനിന്നും കോടതിയിൽ നിന്നും അയച്ചിരുന്നതും കൊണ്ട് ഒരു ശിപായി ഇവിടെ വന്നു. ഒരു ലീഗൽ അഡ്വൈസറുമായി ആലോചിച്ചശേഷം മാത്രമേ ഒപ്പിടുവാൻ നിവർത്തിയുള്ളു എന്നും ഒരു ദിവസത്തെ അവധി തരണമെന്നു മറ്റും നൈനാൻ പറഞ്ഞതനുസരിച്ച് ശിപായി തിരിച്ചുപോയി. ഇതിനെ തുടർന്ന് സന്ധ്യയോടു കൂടി സെക്രട്ടറി ജോസഫ്, പി. സി. ചെറിയാന്റെ അനുജൻ, കെ. എം. ചെറിയാൻ, ചാക്കോച്ചൻ, ജോർജൂട്ടി, ഉപ്പൂട്ടിൽ കുഞ്ഞച്ചൻ, മാമ്മൻ മാപ്പിള, സ്കറിയാക്കുട്ടി, ചെറിയാൻ വക്കീൽ, മാത്തുക്കുട്ടി മുതലായവർ വന്ന് ചില സംഗതികൾ പറയുകയുണ്ടായി. മാനേജരു കത്തനാരും തിരുവനന്തപുരത്തു നിന്നും വന്നു. പരുമല കത്തനാർ നമ്മുടെ പെട്ടിയുമായി എറണാകുളത്തിനു പോയി.

11-1-1952. കോട്ടയം, എറണാകുളം, ട്രെയിൻ. വെളുപ്പിന് എഴുന്നേറ്റ് മൂവാറ്റുപുഴയ്ക്കു തിരിച്ചു. എട്ടു മണിക്കു അവിടെ എത്തി. മെത്രാച്ചൻ അവിടെ ഉണ്ടായിരുന്നു. കാപ്പി കഴിഞ്ഞ് 10 മണിയോടു കൂടി എറണാകുളത്തിനു തിരിച്ചു. മാനേജരച്ചനും നമ്മോടുകൂടി വന്നിരുന്നു. എറണാകുളത്തിനു പോകുന്ന വഴി കടമറ്റത്തു പള്ളിക്കു സമീപം കാറു നിർത്തി ആനിക്കാശ്ശേരിൽ പൗലോസ് കത്തനാരെ കണ്ട്, കേസ് ദോഷമായി വിധിച്ച സംഗതിയെപ്പറ്റിയും മേലാൽ ചെയ്യേണ്ട സംഗതിയെപ്പറ്റിയും മറ്റും കുറെ സമയം സംസാരിച്ചു. 12 മണിക്ക് എറണാകുളത്തെത്തി. വികാരി മുറിക്കൽ യാക്കോബു കത്തനാരും, ട്രസ്റ്റിയും, ഇ. വി. മാത്യു, പൗലോസ് മുതലായി പല വക്കീലന്മാരും മറ്റും അവിടെ നമ്മെ കാണുന്നതിനു വന്നിരുന്നു. അനിയൻ മദ്രാസിലേക്കുള്ള ടിക്കറ്റ് നേരത്തെ ബുക്ക് ചെയ്തിട്ടുണ്ടായിരുന്നു. ഉച്ചഭക്ഷണം കഴിഞ്ഞ് ഒന്നര മണിക്ക് റയിൽവേ സ്റ്റേഷനിൽ എത്തി. 2.15-നു കൊച്ചിൻ എക്സ്പ്രസ്സിൽ മദ്രാസിനു തിരിച്ചു. കുന്നംകുളത്തുകാരൻ ഇയ്യുവും, കുഞ്ഞാത്തുവും സൗത്ത് സ്റ്റേഷനിൽ നിന്നും കയറിയിരുന്നു. അവർ നമ്മെ വന്നു കണ്ട് പല സംഗതികളും പറയുകയുണ്ടായി. ആലുവായിൽ വച്ച് ഈപ്പൻ കത്തനാരും, തോട്ടത്തിവീട്ടിൽ ഗീവറുഗീസ് കത്തനാരും നമ്മെ വന്നു കണ്ടു. ഗീവറുഗീസ് കത്തനാർ നമുക്ക് ഒരു കുപ്പി നെയ്യ് സമ്മാനിക്കുകയും ചെയ്തു. രാത്രി 8 മണിക്കു പോത്തന്നൂർ ട്രെയിൻ നിർത്തിയപ്പോൾ കോയമ്പത്തൂർ നിന്നും യൗസേഫ് കത്തനാരും, കുറിയാക്കോസ് കത്തനാരും (ബഥനി) കോയമ്പത്തൂർ ഇടവകയിൽപെട്ട മറ്റു പല ആളുകളും നമ്മെ വന്നു കണ്ടു. രാത്രിയിൽ സുഖമായി ഉറങ്ങത്തക്കവണ്ണം സൗകര്യം ഉണ്ടായിരുന്നു.

12-1-1952. മദ്രാസ്. രാവിലെ എട്ടു മണിക്ക് ട്രെയിൻ മദ്രാസ് സെൻട്രൽ സ്റ്റേഷനിൽ എത്തി. വികാരി മാത്യൂസ് കത്തനാരും, കെ. എം. ഉമ്മനും മറ്റു പലരും സ്റ്റേഷനിൽ വന്നിരുന്നു. ഉമ്മന്റെ കാറിൽ എട്ടരയ്ക്കു ഇവിടെ പള്ളിയിൽ എത്തി. 11 മണിക്ക് ഡോ. പോൾ വന്നിരുന്നു. രണ്ടു കൂട്ടം മരുന്നു വാങ്ങി സേവിക്കുന്നതിനു പറഞ്ഞു. അതനുസരിച്ച് വാങ്ങി സേവ തുടങ്ങി.

തൃശൂർക്കാരൻ പൗലോസ് ജഡ്ജിക്കു സുഖമില്ലാതെ ഇവിടെ ആശുപത്രിയിൽ കിടപ്പാണ്. മൂത്രതടസ്സമുണ്ടെന്നാണ് കേട്ടത്. നാളെ ഏതോ ഓപ്പറേഷൻ നടത്തുന്നതാണ്. അതിനായി ഇ. വി. മാത്യു വക്കീലും ജഡ്ജിയുടെ മരുമകൻ ഡോക്ടറും വന്നിട്ടുണ്ട്.

13-1-1952. മദ്രാസ്. യൽദായ്ക്കുശേഷം ഒന്നാം ഞായർ നാം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ പ്രസംഗം ചെയ്തു. കുർബ്ബാനാനന്തരം തിരുവല്ലാ പി. സി. ചാക്കോയുടെ കുട്ടിയെ മാമോദീസാ മുക്കി. പലരും കുർബ്ബാന കഴിഞ്ഞു നമ്മെ വന്നു കാണുകയുണ്ടായി. ഇന്ന് നമ്മുടെ അപ്പൻ മരിച്ച ദിവസമാണ്.

ഉച്ചകഴിഞ്ഞ് ആശുപത്രിയിൽ ആളയച്ചു ചോദിച്ചതിൽ പൗലോസ് ജഡ്ജിയുടെ ഓപ്പറേഷൻ ഒരു മണിക്ക് അവസാനിച്ചെന്നും ഇപ്പോൾ പ്രത്യേകാൽ വിശേഷം ഒന്നുമില്ലെന്നും മറ്റും അറിഞ്ഞു. ഉച്ചയ്ക്കു ഡോ. പോളും ഇ. വി. മാത്യുവും വന്നിരുന്നു.

14-1-1952. മദ്രാസ്. ഇന്ന് ആണ്ടാരംഭവും, ചേലാകർമ്മ പെരുന്നാളും ബസേലിയോസ്, ഗ്രീഗോറിയോസ് എന്നീ പിതാക്കന്മാരുടെ ഓർമ്മദിവസവും നമ്മുടെ അപ്പനെ അടക്കിയ ദിവസവുമാകയാൽ നാം വി. കുർബ്ബാന അർപ്പിച്ചു. പത്തു മണിക്ക് ഡോക്ടർ വന്നു. ഇൻസുലിനും വിറ്റാമിനും കുത്തിവച്ചു.

15-1-1952. മദ്രാസ്. രാവിലെ മാത്യൂസ് കത്തനാർ വി. കുർബ്ബാന ചൊല്ലി. 11 മണിക്ക് ഡോക്ടർ വന്ന് ഇന്നലത്തെപ്പോലെ തന്നെ കുത്തിവച്ചു.

(തുടരും)

മേൽപ്പട്ടക്കാരന് ഉണ്ടായിരിക്കേണ്ട അഞ്ചു യോഗ്യതകൾ

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

അതിമഹത്തായ ഒരു പെരുന്നാളിൽ സംബന്ധിക്കുവാനായി നാം ഇന്ന് വന്നു കൂടിയിരിക്കുകയാണ്. സഭയെ സംബന്ധിച്ചിടത്തോളം ഇന്ന് ഒരു വലിയ പെരുന്നാളാണ്; കാരണം സഭാംഗങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട, പരിശുദ്ധ സുന്നഹദോസിനാൽ അംഗീകരിക്കപ്പെട്ട, ദൈവത്താൽ വിളിക്കപ്പെട്ട അഞ്ച് സന്യാസവര്യന്മാരെ ഇന്ന് മേൽപട്ടക്കാരായി അഭിഷേകം ചെയ്യുകയാണ്. ഈ ദൈവീക ശുശ്രൂഷയിൽ പങ്കെടുക്കുന്ന നിങ്ങളോട് മേൽപ്പട്ടക്കാർക്ക് ഉണ്ടായിരിക്കേണ്ട അഞ്ച് യോഗ്യതകളെപ്പറ്റി വളരെ ചുരുക്കമായി പറയുവാനാണ് ഞാൻ കർത്താവിൽ പ്രത്യാശിക്കുന്നത്. ഈ എല്ലാ യോഗ്യതകളും എനിക്കില്ല എന്ന് നല്ലവണ്ണം അറിഞ്ഞുകൊണ്ടുതന്നെയാണ് ഞാൻ സംസാരിക്കുന്നത്. ഒരു മേൽപ്പട്ടക്കാരന് അത്യാവശ്യമായി ഉണ്ടായിരിക്കേണ്ട അഞ്ച് യോഗ്യതകൾ ഇവയാണ്: ഉപദേശം; ഭരണം; ബലി; പ്രാർത്ഥന; പ്രതീകം.

ഉപദേശം


ഒരു മേൽപ്പട്ടക്കാരൻ തന്റെ ജനങ്ങളെ ഉപദേശിക്കുവാൻ പ്രാപ്തനായിരിക്കണം. ജനങ്ങളെ വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തുവാൻ അദ്ദേഹം ബാദ്ധ്യസ്ഥനാണ്. ദൈവവചനത്തെ വിശ്വാസികളുടെ ഹൃദയങ്ങളിൽ സ്ഥാപിക്കുകയാണ് അദ്ദേഹത്തിന്റെ പ്രധാന ചുമതല. അതായത് ജനങ്ങളെ അദ്ദേഹം വി. വേദപുസ്തകം പഠിപ്പിച്ചു കൊടുക്കണം. അതിനായി ഒരു മേൽപ്പട്ടക്കാരൻ വേദപുസ്തകം പ്രാർത്ഥനയിൽ വായിച്ച് ധ്യാനിച്ച് ജനങ്ങൾക്ക് വ്യാഖ്യാനിച്ചു കൊടുക്കണം. സഭാപിതാക്കന്മാർ എല്ലാവരുംതന്നെ വി. വേദപുസ്തകം വായിച്ച് ധ്യാനിക്കുമായിരുന്നു. എനിക്കറിയാവുന്ന മേൽപട്ടക്കാരായ സഭാപിതാക്കന്മാർ എല്ലാവരും തന്നെ വേദപുസ്തകം നല്ലവണ്ണം അരച്ചുകലക്കി കുടിച്ചിട്ടുള്ളവരായിരുന്നു. അവർ വേദപുസ്തകം വായിച്ച് ധ്യാനിച്ച് ആത്മീയ പോഷണം പ്രാപിക്കുകയും ജനങ്ങളെ പോഷിപ്പിക്കുകയും ചെയ്യുന്നവരായിരുന്നു.

ഭരണം

ഇടയൻ തന്റെ ആടുകൾക്കുവേണ്ടി നടത്തുന്ന ഭരണത്തിന്റെ ഉദ്ദേശ്യം, ഐക്യത്തിലും, രമ്യതയിലും അവർ വസിക്കണം എന്നുള്ളതാണ്. എവിടെ എങ്കിലും അഭിപ്രായ വ്യത്യാസമോ ഭിന്നിപ്പോ ഉണ്ടായാൽ അതൊക്കെ പരിഹരിച്ച് സഭയിൽ സമാധാനവും യോജിപ്പും ഉണ്ടാകുവാനായി മേൽപ്പട്ടക്കാരൻ ശ്രമിക്കണം. സമൂഹത്തിലും കുടുംബത്തിലും കലഹങ്ങൾ മാറി, നില നിൽക്കാനായി അദ്ദേഹം യത്നിക്കണം. ആരോടും സ്പർദ്ധയില്ലാതെ താഴ്മയോടു കൂടി ജനങ്ങളെ സേവിക്കണം. രാജാക്കന്മാരെപ്പോലെ അധികാരം ചെലുത്തുകയല്ല, സ്നേഹത്തിൽ തന്റെ ജനങ്ങളുടെ ക്ഷേമത്തിനായി പ്രയത്നിക്കുകയാണ് ഭരണം കൊണ്ട് ഉദ്ദേശിക്കുന്നത്.

ബലി

സഭയുടെ പ്രധാന ചുമതലയാണ് ബലിയർപ്പിക്കുന്നത്. ഭദ്രാസനത്തിൽ എല്ലാ സ്ഥലങ്ങളിലും ബലി-വി. കുർബ്ബാന-നടക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടത് മേൽപട്ടക്കാരന്റെ കടമയാണ്. അതിന് ആവശ്യമായ പട്ടക്കാരെ അദ്ദേഹം ഏർപ്പെടുത്തുകയും, അനുയോജ്യമായ സ്ഥലങ്ങൾ ക്രമീകരിക്കുകയും ചെയ്യണം. വി. കുർബ്ബാന മാത്രമല്ല ബലി. ബലിയുടെ ഉദ്ദേശ്യം മനുഷ്യരെ ദൈവവുമായി രമ്യതപ്പെടുത്തുകയാണ്. വി. കുർബ്വാന - ക്രിസ്തീയ ബലി - കർത്താവിന്റെ തിരുശരീര രക്തങ്ങൾ വഴി അനുഷ്ഠിക്കുന്ന അനുരഞ്ജന ശുശ്രൂഷയാണ്. ലോകത്തിന്റെ കാവലും രക്ഷയുമാണ് വി. ബലി. ആ വിശുദ്ധ ബലിയുടെ ക്രമമായ അർപ്പണത്തിന് മേൽനോട്ടം വഹിക്കുക ഒരു എപ്പിസ്കോപ്പായുടെ കർത്തവ്യമാണ്.



പ്രാർത്ഥന

ഒരു മേൽപ്പട്ടക്കാരൻ എപ്പോഴും തന്റെ ആടുകൾക്കുവേണ്ടി പ്രാർത്ഥിക്കണം. പഴയനിയമ കാലത്തെ മഹാപുരോഹിതനായിരുന്നു അഹറോൻ. അദ്ദേഹം ദൈവമുമ്പാകെ നിൽക്കുമ്പോൾ തന്റെ മാർവ്വിടത്തിൽ ഒരു പതക്കം അണിയുമായിരുന്നു. പന്ത്രണ്ട് വിലയേറിയ കല്ലുകൾ പതിച്ചതായിരുന്നു ആ പതക്കം. ഓരോ കല്ലിലും ഇസ്രായേലിലെ ഗോത്രങ്ങളുടെ പേരുകൾ കൊത്തിയിരുന്നു. അതായത് 12 ഗോത്രങ്ങളുടെ പേരുകൾ തന്റെ ഹൃദയഭിത്തിക്കടുത്ത് സ്ഥാപിച്ചുകൊണ്ടായിരുന്നു മഹാപുരോഹിതനായ അഹറോൻ ദൈവമുമ്പാകെ പ്രാർത്ഥിച്ചിരുന്നത്. ഓരോ മെത്രാപ്പോലീത്തായും, തന്റെ ചുമതലയിലുള്ള ആളുകളെ തന്റെ പ്രാർത്ഥനയിൽ ഓർക്കണം. സ്വന്ത കാര്യത്തിനു വേണ്ടി

യല്ല ഒരു മേൽപ്പട്ടക്കാരൻ പ്രാർത്ഥിക്കുന്നത്. സഭയുടെ, ഭദ്രാസനത്തിന്റെ ആദ്ധ്യാത്മികതയുടെ അടിസ്ഥാനം പ്രാർത്ഥനയാണ്. ഇടവകയിലെ ഒരു മനുഷ്യൻ പോലും നശിച്ചുപോകാതിരിക്കുവാൻ മേൽപ്പട്ടക്കാരൻ പ്രാർത്ഥിക്കണം. തന്നെ വിമർശിക്കുന്നവർക്കുവേണ്ടി പോലും, തന്നെ എതിർക്കുന്നവർക്കു വേണ്ടി പോലും അദ്ദേഹം പ്രാർത്ഥിക്കണം. ദൈവം തന്നെ ഏൽപ്പിച്ചിട്ടുള്ള ജനങ്ങളെ മുഴുവനും തന്റെ ഹൃദയത്തിൽ വഹിച്ചുകൊണ്ടായിരിക്കണം ഒരു മെത്രാപ്പോലീത്താ പ്രാർത്ഥിക്കുവാൻ നിൽക്കേണ്ടത്.

പ്രതീകം

അഞ്ചാമത്തെ ഗുണം, ഒരു മേൽപ്പട്ടക്കാരൻ 'പ്രതീകം' ആണ് എന്നുള്ളതാണ്. 'പ്രതീകം' എന്നു പറഞ്ഞാൽ എന്താണെന്ന് അധികം പേർക്കും മനസ്സിലാവുകയില്ലെന്ന് തോന്നുന്നു. ഒരു വിധത്തിൽ കൂദാശ എന്നു പറയാം. ഇന്ന് ഇവരെ കൂദാശ ചെയ്യുകയാണ്. മേൽപ്പട്ടക്കാരായി കൂദാശ ചെയ്ത് ശുദ്ധീകരിക്കുകയാണ്. അങ്ങനെ ഇവർ ദൈവവാഹികളായിത്തീരുന്നു. അവർ ദൈവത്തിന്റെ 'പ്രതീകം' ആയി തീരുന്നു. അതുകൊണ്ടാണ് നമ്മുടെ സഭയിൽ മെത്രാപ്പോലീത്തന്മാർക്ക് റിട്ടയർമെന്റ് ഇല്ലാത്തത്. ഒരിക്കൽ കൂദാശ ചെയ്യപ്പെട്ടു കഴിഞ്ഞാൽ അവർ മരണം വരെ ആ സ്ഥാനത്ത് തുടരുന്നു. മെത്രാപ്പോലീത്താ തന്റെ ഇടവകയിൽ കർത്താവിന്റെ പ്രതീകമാണ്. മനുഷ്യനായി തീർന്ന കർത്താവിന്റെ കാണപ്പെടുന്ന പ്രതീകമാണ് ഓരോ മെത്രാപ്പോലീത്തായും. വിശക്കുന്നവന് ഭക്ഷണം നൽകി; ദാഹിക്കുന്നവന് വെള്ളം നൽകി, കർത്താവിന്റെ പ്രതീകമായി ലോകത്തിൽ മെത്രാപ്പോലീത്താ കാണപ്പെടണം. ദൈവം ലോകത്തിൽ കാണപ്പെട്ടത് യേശുവിലൂടെയാണ്. യേശുവിനെ നോക്കിയവർ ദൈവത്തെ കണ്ടു. അതുപോലെ മെത്രാപ്പോലീത്തായിലൂടെ ലോകം ദൈവത്തെ കാണണം.

(1985 മെയ് 15 നു മാവേലിക്കരയിൽ വച്ചു നടന്ന മേൽപട്ട സ്ഥാനാരോഹണ ശുശ്രൂഷാമദ്ധ്യേ ചെയ്ത പ്രസംഗം. സമ്പാദകൻ: ഫാ. കെ. വി. ശമുവേൽ)



യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപ്പോലീത്താ അരുവിത്തുറ പള്ളിയും അനുബന്ധ സ്ഥലങ്ങളും സന്ദർശിക്കുന്നു.



കോയമ്പത്തൂർ തടാകം ക്രിസ്ത ശിഷ്യ ആശ്രമത്തിന്റെ കീഴിലുള്ള ബിഷപ്പ് വാൾഷ് മെമ്മോറിയൽ നഴ്സറി ആൻഡ് പ്രൈമറി സ്കൂളിലെ വിദ്യാർത്ഥികൾക്കായുള്ള പുതിയ സ്കൂൾ ബിസിന്റെ കൂദാശ ആശ്രമം മുൻ ആചാര്യ ഫാ. എൻ. എം. ജോർജ് നിർവഹിച്ചു. 1995–ൽ സ്ഥാപിതമായ ബിഷപ്പ് വാൾഷ് സ്കൂളിൽ 17 വർഷമായി ഉപയോഗിച്ചുകൊണ്ടിരുന്ന സ്കൂൾ വാൻ മാറ്റി പുതിയ സ്കൂൾ ബസ് സർവീസ് ആരംഭിച്ചു.



ജൂബിലി സംഗമത്തിന് വർണോജ്ജ്വല തുടക്കം

കോട്ടയം: ഡൽഹി ഭദ്രാസനത്തിന്റെ ജൂബിലി സമാപനവും, സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ ഹോസ്ഖാസിന്റെ ജൂബിലി ഉദ്ഘാടനവും ക്ഷണിക്കുവാൻ വേണ്ടി നടത്തിയ സംഗമം 2026 ജൂൺ 9–നു കോട്ടയം ചെറിയ പള്ളിയിൽ വച്ചു നടത്തപെട്ടു.

ഡോ ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്, ഡൽഹി ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ ദിമെത്രിയോസ്, സാം വി. ഗബ്രിയേൽ കോർ എപ്പിസ്കോപ്പാ, ഫാ. ഷാജി മാത്യൂസ്, ഫാ. സജി എബ്രഹാം, ജോസ് കുര്യൻ, കെ. ടി. ചാക്കോ, അലക്സാണ്ടർ ഡാനിയേൽ എന്നിവർ സംഗമത്തിൽ പ്രസംഗിച്ചു.

ഡൽഹി ഭദ്രാസനത്തിനും ഹോസ്ഖാസ് സെന്റ് മേരീസ് കത്തീഡ്രലിനും വേണ്ടി നിസ്വാർത്ഥ സേവനം അനുഷ്ഠിച്ച വൈദിക ശ്രേഷ്ഠരെയും വിശിഷ്ട വ്യക്തികളെയും ചടങ്ങിൽ ആദരിച്ചു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ഡൽഹിയിലെ മുൻ വിശ്വാസസമൂഹാംഗങ്ങളും ഇപ്പോഴത്തെ ഇടവകാംഗങ്ങളും ഉൾപ്പെടെ ഏകദേശം 600 പേർ സംഗമത്തിൽ പങ്കെടുത്തു. രാവിലെ നടന്ന വിശുദ്ധ കുർബാനയ്ക്ക് ഡോ. യൂഹാനോൻ മാർ ദിമെത്രിയോസ് മുഖ്യകാർമികത്വം വഹിച്ചു.

സ്നേഹത്തിന്റെയും കടപ്പാടിന്റെയും തിരിവെളിച്ചം തലമുറകളിലൂടെ ജ്വലിച്ചു നിലനിൽക്കട്ടെയെന്ന പ്രാർത്ഥനയോടെ, ഹോസ്ഖാസ് സെന്റ് മേരീസ് കത്തീഡ്രൽ കുടുംബം, യുഹാനോൻ മാർ ദിമെത്രിയോസിന്റെ നേതൃത്വത്തിൽ കോട്ടയം ചെറിയപള്ളിക്ക് നിലവിളക്ക് സമർപ്പിച്ചു. സ്നേഹത്തിന്റെയും നന്ദിയുടെയും പാരമ്പര്യം തലമുറകളിലേക്ക് പകരുന്ന പ്രതീകാത്മക സമർപ്പണമായി ഈ ചടങ്ങ് ശ്രദ്ധേയമായി.

ഡൽഹി ഭദ്രാസനത്തിന്റെയും ഹോസ്ഖാസ് സെന്റ് മേരീസ് കത്തീഡ്രലിന്റെയും ചരിത്രയാത്രയെ അനുസ്മരിക്കുകയും മുൻതലമുറകളുടെ സമർപ്പണത്തെ ആദരിക്കുകയും ഭാവി തലമുറകൾക്ക് പ്രചോദനമാകുകയും ചെയ്ത ഈ ജൂബിലി സംഗമം പങ്കെടുത്തവരുടെ മനസ്സിൽ അവിസ്മരണീയമായ അനുഭവമായി മാറി.

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ



നയീൻ പട്ടണത്തിലെ വിധവ

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

ലൂക്കോസ് എഴുതിയ സുവിശേഷം 7:11-17-ൽ വിവരിക്കപ്പെടുന്ന നയീൻ പട്ടണത്തിലെ വിധവയുടെ സംഭവം യേശുക്രിസ്തുവിന്റെ അഗാധമായ കരുണയും ദൈവിക ശക്തിയും വ്യക്തമായി വെളിപ്പെടുത്തുന്ന അതുല്യമായ അത്ഭുത സംഭവങ്ങളിലൊന്നാണ്. മനുഷ്യന്റെ ദുഃഖങ്ങളോടും വേദനകളോടും ദൈവം എത്രമാത്രം കരുതലും അനുകമ്പയും കാണിക്കുന്നുവെന്നതിന്റെ ഹൃദയസ്പർശിയായ ഉദാഹരണമാണ് ഈ സംഭവം. നയീൻ എന്ന ചെറിയ പട്ടണത്തിൽ ജീവിച്ചിരുന്ന ഒരു വിധവ ഇതിനകം തന്നെ ഭർത്താവിനെ നഷ്ടപ്പെട്ട് ജീവിതഭാരങ്ങളുമായി മുന്നോട്ട് പോകുകയായിരുന്നു. അവളുടെ ജീവിതത്തിന്റെ ഏക ആശ്രയവും പ്രത്യാശയും ആയിരുന്ന ഏകമകന്റെ മരണത്തോടെ അവൾ അതീവ ദുഃഖത്തിലും നിരാശയിലും മുങ്ങിപ്പോയി.

മകന്റെ മൃതദേഹം സംസ്കാരത്തിനായി കൊണ്ടുപോകുന്ന ശവയാത്രയിൽ പങ്കെടുത്തിരുന്ന ആ അമ്മയുടെ ഹൃദയം വേദനകൊണ്ട് തകർന്നിരുന്നു. ഭാവിയെക്കുറിച്ചുള്ള എല്ലാ പ്രതീക്ഷകളും നഷ്ടപ്പെട്ട അവളുടെ അവസ്ഥ മനുഷ്യനോട്ടത്തിൽ അത്യന്തം ദയനീയമായിരുന്നു. എന്നാൽ ആ സമയത്ത് യേശു അവളെ കണ്ടു. അവളുടെ കണ്ണുനീരും ഹൃദയവേദനയും യേശുവിന്റെ കരുണാമയ ഹൃദയത്തെ സ്പർശിച്ചു. ആരും അപേക്ഷിക്കാതെയും അദ്ഭുതം ആവശ്യപ്പെടാതെയും യേശു സ്വമേധയാ അവളുടെ ദുഃഖത്തിൽ ഇടപെട്ടു. "കരയേണ്ട" എന്ന് അവളെ ആശ്വസിപ്പിച്ച യേശു മരിച്ച യുവാവിനെ ജീവിപ്പിച്ച് അമ്മയ്ക്ക് തിരികെ നൽകി.

ഈ സംഭവം ഒരു അത്ഭുത പ്രവർത്തനം മാത്രമല്ല; ദൈവം തന്റെ മക്കളുടെ വേദനകളെ കാണുകയും അവരുടെ കണ്ണുനീർ ശ്രദ്ധിക്കുകയും ചെയ്യുന്നുവെന്ന മഹത്തായ സത്യത്തിന്റെ പ്രഖ്യാപനമാണ്. ദുഃഖം സന്തോഷമായും നിരാശ പ്രത്യാശയായും മാറുന്ന ദൈവിക ഇടപെടലിന്റെ മനോഹര ചിത്രമാണ് നയീൻ പട്ടണത്തിലെ വിധവയുടെ അനുഭവം. അതുകൊണ്ട് തന്നെ ഈ സംഭവം എല്ലാ കാലഘട്ടങ്ങളിലുമുള്ള വിശ്വാസികൾക്ക് ആശ്വാസവും പ്രത്യാശയും വിശ്വാസവും പകരുന്ന ശക്തമായ സന്ദേശമായി നിലകൊള്ളുന്നു. ജീവിതത്തിൽ എത്ര വലിയ നഷ്ടങ്ങളും പ്രതിസന്ധികളും ഉണ്ടായാലും ദൈവത്തിന്റെ കരുണയും ശക്തിയും മനുഷ്യന്റെ അവസ്ഥയെ മാറ്റിമറിക്കാൻ കഴിവുള്ളതാണെന്ന് ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു.



1. വിധവയായ സ്ത്രീ

നയീൻ പട്ടണത്തിലെ ഈ സ്ത്രീ ഒരു വിധവയായിരുന്നു. ഭർത്താവിന്റെ മരണം മൂലം അവൾ ജീവിതത്തിലെ ഏറ്റവും വലിയ നഷ്ടങ്ങളിലൊന്ന് ഇതിനകം തന്നെ അനുഭവിച്ചിരുന്നു. ഒരു സ്ത്രീയ്ക്ക് ജീവിതപങ്കാളിയെ നഷ്ടപ്പെടുന്നത് വലിയ മാനസിക വേദനയും ഏകാന്തതയും സൃഷ്ടിക്കുന്ന അനുഭവമാണ്. പ്രത്യേകിച്ച് യഹൂദസമൂഹത്തിൽ ജീവിച്ചിരുന്ന ആ കാലഘട്ടത്തിൽ, ഭർത്താവിന്റെ സംരക്ഷണവും പിന്തുണയും കുടുംബത്തിന്റെ സാമ്പത്തിക സുരക്ഷയും സ്ത്രീയുടെ ജീവിതത്തിൽ പ്രധാനപ്പെട്ട ഘടകങ്ങളായിരുന്നു. അതിനാൽ ഭർത്താവിനെ നഷ്ടപ്പെട്ട ഈ സ്ത്രീ ദുഃഖം മാത്രമല്ല, ഭാവിയെക്കുറിച്ചുള്ള ആശങ്കകളും അനിശ്ചിതത്വങ്ങളും നേരിടേണ്ടിവന്നിരിക്കാം.

അക്കാലത്ത് വിധവകൾ സമൂഹത്തിലെ ഏറ്റവും ദുരിതമനുഭവിക്കുന്ന വിഭാഗങ്ങളിൽ ഒന്നായി കണക്കാക്കപ്പെട്ടിരുന്നു. അവർക്ക് സ്വന്തമായി ഉപജീവന മാർഗങ്ങൾ കണ്ടെത്തുക എളുപ്പമായിരുന്നില്ല. പലപ്പോഴും മക്കളെയോ ബന്ധുക്കളെയോ ആശ്രയിച്ചായിരുന്നു അവരുടെ ജീവിതം മുന്നോട്ട് പോയിരുന്നത്. അതുകൊണ്ടുതന്നെ ഭർത്താവിന്റെ മരണശേഷം ഈ സ്ത്രീയുടെ ഏക ആശ്രയവും പ്രത്യാശയും അവളുടെ മകനായിരുന്നു. അവളുടെ ജീവിതത്തിലെ എല്ലാ പ്രതീക്ഷകളും മകനെ കേന്ദ്രീകരിച്ചായിരുന്നു.

ഈ വിധവയുടെ ജീവിതാവസ്ഥ മനുഷ്യരുടെ കണ്ണിൽ ദയനീയമായിരുന്നെങ്കിലും, അവൾ ദൈവത്തിന്റെ കരുണയിൽ നിന്ന് അകലെയായിരുന്നില്ല. മനുഷ്യർ കാണാതെ പോകുന്ന വേദനകളും കണ്ണുനീരും ദൈവം കാണുന്നുവെന്ന് അവളുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. ഭർത്താവിനെ നഷ്ടപ്പെട്ടതിന്റെ ദുഃഖം ഹൃദയത്തിൽ വഹിച്ചുകൊണ്ട് ജീവിച്ചിരുന്ന ഈ സ്ത്രീ, പിന്നീട് ഏകമകന്റെ മരണവും അനുഭവിക്കേണ്ടി വന്നപ്പോൾ അതീവ വേദനയുടെയും നിരാശയുടെയും ആഴങ്ങളിലേക്ക് തള്ളപ്പെട്ടിരുന്നു. എന്നിരുന്നാലും അവളുടെ ജീവിതത്തിലേക്ക് യേശുവിന്റെ കരുണ കടന്നുവന്നപ്പോൾ, ദുഃഖം പ്രത്യാശയ്ക്കും നിരാശ സന്തോഷത്തിനും വഴിമാറി.

അതിനാൽ നയീൻ പട്ടണത്തിലെ വിധവ ദുഃഖങ്ങൾക്കും പ്രതിസന്ധികൾക്കും നടുവിൽ ജീവിക്കുന്ന എല്ലാ മനുഷ്യരുടെയും പ്രതിനിധിയായി വിശുദ്ധ വേദപുസ്തകത്തിൽ നിലകൊള്ളുന്നു. അവളുടെ ജീവിതം, ദൈവം പ്രത്യേകമായി കരുതുകയും സംരക്ഷിക്കുകയും ചെയ്യുന്നവരിൽ വിധവകൾക്കും ദുഃഖിതർക്കും ഒരു പ്രത്യേക സ്ഥാനമുണ്ടെന്ന സത്യം നമ്മെ പഠിപ്പിക്കുന്നു.

വിശ്വാസത്തോടെയും പ്രത്യാശയോടെയും ദൈവത്തെ ആശ്രയിക്കുന്നവരെ അവിടുന്ന് ഒരിക്കലും കൈവിടുകയില്ലെന്ന ശക്തമായ സന്ദേശവും അവളുടെ ജീവിതം നൽകുന്നു.

2. ഏക മകന്റെ അമ്മ

നയീൻ പട്ടണത്തിലെ വിധവയുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷതകളിലൊന്ന് അവൾ ഒരു ഏക മകന്റെ അമ്മയായിരുന്നു എന്നതാണ്. ഭർത്താവിനെ നഷ്ടപ്പെട്ടശേഷം അവളുടെ ജീവിതത്തിലെ ഏക ആശ്രയവും പ്രത്യാശയും മകനായിരുന്നു. ഒരു അമ്മയുടെ സ്നേഹവും കരുതലും മുഴുവൻ ആ മകനിൽ കേന്ദ്രീകരിക്കപ്പെട്ടിരുന്നു. മകൻ വളർന്ന് അമ്മയുടെ സംരക്ഷണവും ജീവിതസുരക്ഷയും ഉറപ്പാക്കുമെന്ന പ്രതീക്ഷ അവൾക്കുണ്ടായിരുന്നു. എന്നാൽ അപ്രതീക്ഷിതമായി മകന്റെ മരണം അവളുടെ ജീവിതത്തിലെ എല്ലാ പ്രതീക്ഷകളും തകർത്തുകളഞ്ഞു.

അക്കാലത്തെ സാമൂഹിക സാഹചര്യങ്ങളിൽ ഒരു വിധവയുടെ സുരക്ഷയും ഉപജീവനവും പലപ്പോഴും മക്കളെ ആശ്രയിച്ചായിരുന്നു. അതിനാൽ ഏക മകന്റെ മരണം അവൾക്ക് ഒരു കുടുംബാംഗത്തെ നഷ്ടപ്പെടുന്നതിൽ മാത്രമല്ല, ജീവിതത്തിന്റെ അടിത്തറ തന്നെ നഷ്ടപ്പെടുന്നതിന് തുല്യമായിരുന്നു. അവളുടെ ഭാവി അനിശ്ചിതത്വത്തിലായി. സാമ്പത്തിക സുരക്ഷ, സാമൂഹിക പിന്തുണ, കുടുംബബന്ധങ്ങൾ എന്നിവയെല്ലാം തകരുന്ന അവസ്ഥയായിരുന്നു അത്. അതുകൊണ്ട് തന്നെ ഈ അമ്മയുടെ വേദന ഒരു സാധാരണ ദുഃഖമല്ലായിരുന്നു; ജീവിതത്തിന്റെ എല്ലാ പ്രതീക്ഷകളും ഒരേസമയം നഷ്ടപ്പെട്ട ഒരാളുടെ ഹൃദയവേദനയായിരുന്നു അത്.

ഈ സംഭവം ഒരു അമ്മയുടെ സ്നേഹത്തിന്റെ ആഴവും മകനോടുള്ള ആത്മബന്ധവും നമ്മെ ബോധ്യപ്പെടുത്തുന്നു. ജീവിതത്തിലെ ഏറ്റവും വലിയ നഷ്ടങ്ങൾ പോലും ദൈവത്തിന്റെ കരുണയാൽ പ്രത്യാശയായി മാറാമെന്ന സത്യം ഈ അമ്മയുടെ അനുഭവം നമ്മെ പഠിപ്പിക്കുന്നു.

3. അതീവ ദുഃഖം അനുഭവിച്ചവൾ

മകന്റെ മൃതദേഹം സംസ്കാരത്തിനായി കൊണ്ടുപോകുന്ന സമയത്ത് നയീൻ പട്ടണത്തിലെ വിധവ അതീവ ദുഃഖത്തിലായിരുന്നു. ഇതിനകം തന്നെ ഭർത്താവിനെ നഷ്ടപ്പെട്ട അവൾക്ക് ഇപ്പോൾ ഏകമകന്റെ മരണവും സഹിക്കേണ്ടി വന്നു. ഒരു അമ്മയ്ക്ക് മകനെ നഷ്ടപ്പെടുന്നതിലും വലിയ വേദന മറ്റൊന്നില്ല. സ്വന്തം മകന്റെ മൃതശരീരം മുന്നിൽ കാണേണ്ടിവരുന്ന അവസ്ഥ ഒരു അമ്മയുടെ ഹൃദയത്തെ ആഴത്തിൽ മുറിവേൽപ്പിക്കുന്ന അനുഭവമാണ്.

ആ വിലാപയാത്രയിൽ പങ്കെടുത്തിരുന്ന ജനക്കൂട്ടം പോലും അവളുടെ ദുഃഖത്തിന്റെ ആഴം തിരിച്ചറിഞ്ഞിരിക്കാം. അവളുടെ ഹൃദയം തകർന്നിരുന്നു. ഭാവിയെക്കുറിച്ചുള്ള എല്ലാ പ്രതീക്ഷകളും നഷ്ടപ്പെട്ട അവൾ നിരാശയുടെയും ഏകാന്തതയുടെയും ഇരുണ്ട വഴിയിലൂടെ കടന്നുപോകുകയായിരുന്നു. മനുഷ്യരുടെ കാഴ്ചപ്പാടിൽ അവളുടെ ജീവിതത്തിൽ ഇനി സന്തോഷത്തിനോ പ്രത്യാശയ്ക്കോ ഇടമില്ലെന്ന് തോന്നുന്ന സാഹചര്യമായിരുന്നു അത്.

എന്നാൽ ഈ ദുഃഖത്തിന്റെ നടുവിലും ദൈവം അവളെ മറന്നില്ല. മനുഷ്യർക്ക് സഹിക്കാനാവാത്ത വേദനകളുടെ സമയത്തും ദൈവം തന്റെ മക്കളുടെ കൂടെയുണ്ടെന്ന സത്യം ഈ സംഭവം വ്യക്തമാക്കുന്നു. അതുകൊണ്ട് തന്നെ നയീൻ പട്ടണത്തിലെ വിധവ ദുഃഖവും നഷ്ടവും അനുഭവിക്കുന്ന എല്ലാ മനുഷ്യരുടെയും പ്രതിനിധിയായി മാറുന്നു.

4. യേശുവിന്റെ കരുണയ്ക്ക് പാത്രമായവൾ

നയീൻ പട്ടണത്തിലെ വിധവയുടെ ജീവിതത്തിലെ ഏറ്റവും ശ്രദ്ധേയമായ പ്രത്യേകതകളിലൊന്ന് അവൾ യേശുവിന്റെ കരുണയ്ക്ക് പാത്രമായിരുന്നു എന്നതാണ്. മകന്റെ മൃതദേഹം സംസ്കാരത്തിനായി കൊണ്ടുപോകുമ്പോൾ യേശു അവളെ കണ്ടു. അവളുടെ കണ്ണുനീരും മനോവേദനയും യേശുവിന്റെ ഹൃദയത്തെ സ്പർശിച്ചു. ആരും യേശുവിനോട് അദ്ഭുതം ചെയ്യണമെന്ന് അപേക്ഷിച്ചിരുന്നില്ല. വിധവയും ഒന്നും ആവശ്യപ്പെട്ടിരുന്നില്ല. എന്നിരുന്നാലും യേശു സ്വമേധയാ അവളുടെ ദുഃഖത്തിൽ ഇടപെട്ടു.

'കരയേണ്ട' എന്ന യേശുവിന്റെ വാക്കുകൾ വെറും ആശ്വാസവാക്കുകൾ മാത്രമായിരുന്നില്ല; അവളുടെ ജീവിതത്തെ മാറ്റിമറിക്കുന്ന ദൈവിക ഇടപെടലിന്റെ തുടക്കമായിരുന്നു. യേശുവിന്റെ ഈ സമീപനം ദൈവം മനുഷ്യരുടെ വേദനകളെ എത്രമാത്രം ഗൗരവത്തോടെ കാണുന്നുവെന്നതിന് തെളിവാണ്. ദുഃഖിതരെയും നിരാശരെയും അവിടുന്ന് പ്രത്യേകമായി പരിഗണിക്കുന്നു.

ഈ സ്ത്രീയുടെ അനുഭവം ദൈവസ്നേഹത്തിന്റെ മനോഹരമായ ചിത്രമാണ്. നമ്മുടെ ജീവിതത്തിൽ പലപ്പോഴും നാം ഒന്നും പറയാതെ കണ്ണുനീരോടെ നിൽക്കുമ്പോഴും നമ്മുടെ ഹൃദയവേദന ദൈവം അറിയുന്നുവെന്ന സത്യം ഇത് നമ്മെ ഓർമ്മിപ്പിക്കുന്നു. യേശുവിന്റെ കരുണ മനുഷ്യന്റെ ദുഃഖത്തെ സന്തോഷമാക്കി മാറ്റാൻ ശക്തിയുള്ളതാണെന്ന് ഈ സംഭവം വ്യക്തമാക്കുന്നു.

5. ദൈവിക അത്ഭുതത്തിന്റെ സാക്ഷിയായവൾ

നയീൻ പട്ടണത്തിലെ വിധവ യേശുവിന്റെ മഹത്തായ ദൈവിക അദ്ഭുതത്തിന്റെ നേരിട്ടുള്ള സാക്ഷിയായിരുന്നു. ശവമഞ്ചത്തോട് അടുത്തുചെന്ന യേശു മരിച്ച യുവാവിനോട്, 'ബാല്യക്കാരാ, എഴുന്നേൽക്ക എന്ന് ഞാൻ നിന്നോടു പറയുന്നു,' എന്ന് കല്പിച്ചു. യേശുവിന്റെ വാക്കുകൾ അനുസരിച്ച് മരിച്ച യുവാവ് ജീവൻ പ്രാപിച്ച് എഴുന്നേറ്റിരുന്ന് സംസാരിക്കുവാൻ തുടങ്ങി. തുടർന്ന് യേശു അവനെ അവന്റെ അമ്മയ്ക്ക് തിരികെ നൽകി.

ഈ അദ്ഭുതം കണ്ടപ്പോൾ ആ അമ്മയുടെ ഹൃദയത്തിൽ ഉണ്ടായ സന്തോഷം വാക്കുകളിൽ വിവരിക്കാൻ കഴിയാത്തതായിരുന്നു. കുറച്ച് നിമിഷങ്ങൾക്കുമുമ്പ് കണ്ണുനീരിൽ മുങ്ങിയിരുന്ന അവൾ ഇപ്പോൾ സന്തോഷത്താലും നന്ദിയാലും നിറഞ്ഞു. മരണത്തിന്റെ മേൽ യേശുവിനുള്ള അധികാരവും ദൈവിക ശക്തിയും ഈ അത്ഭുതത്തിലൂടെ വെളിപ്പെട്ടു.

ഈ സംഭവം ആ അമ്മയുടെ ജീവിതത്തെ മാത്രമല്ല, അവിടെ ഉണ്ടായിരുന്ന ജനങ്ങളുടെ വിശ്വാസത്തെയും ശക്തിപ്പെടുത്തി. ദൈവം തന്റെ ജനങ്ങളുടെ ജീവിതത്തിൽ അദ്ഭുതകരമായി പ്രവർത്തിക്കുന്നവനാണെന്ന് എല്ലാവരും തിരിച്ചറിഞ്ഞു. അതുകൊണ്ട് തന്നെ നയീൻ പട്ടണത്തിലെ വിധവ ദൈവത്തിന്റെ ജീവദായക ശക്തിയുടെ മഹത്തായ സാക്ഷിയായി വിശുദ്ധ ഗ്രന്ഥത്തിൽ നിലകൊള്ളുന്നു.

6. പ്രത്യാശയുടെ പ്രതീകം

നയീൻ പട്ടണത്തിലെ വിധവ നിരാശയുടെ നടുവിൽ പ്രത്യാശ കണ്ടെത്തിയ വ്യക്തിയാണ്. ഭർത്താവിനെയും ഏക മകനെയും നഷ്ടപ്പെട്ട അവളുടെ ജീവിതം മനുഷ്യരുടെ കാഴ്ചപ്പാടിൽ പൂർണമായും തകർന്നതായിരുന്നു. എല്ലാ വഴികളും അടഞ്ഞതുപോലെയും എല്ലാ പ്രതീക്ഷകളും നഷ്ടപ്പെട്ടതുപോലെയും തോന്നിയ ഒരു സാഹചര്യത്തിലായിരുന്നു അവൾ. എന്നാൽ അതേ സമയത്താണ് യേശുവിന്റെ കരുണയും ശക്തിയും അവളുടെ ജീവിതത്തിൽ പ്രകടമായത്.

മനുഷ്യർക്ക് അസാധ്യമായി തോന്നുന്ന സാഹചര്യങ്ങളിലും ദൈവത്തിന് പ്രവർത്തിക്കാൻ കഴിയുമെന്ന് അവളുടെ അനുഭവം നമ്മെ പഠിപ്പിക്കുന്നു. മനുഷ്യന്റെ പ്രതീക്ഷകൾ അവസാനിക്കുന്നിടത്തും ദൈവത്തിന്റെ പ്രവർത്തനം ആരംഭിക്കാം എന്ന സത്യം ഈ സംഭവത്തിൽ നാം കാണുന്നു. അതുകൊണ്ട് തന്നെ നയീൻ പട്ടണത്തിലെ വിധവ എല്ലാ കാലഘട്ടങ്ങളിലുമുള്ള വിശ്വാസികൾക്ക് പ്രത്യാശയുടെ പ്രതീകമായി മാറുന്നു.

ജീവിതത്തിൽ നഷ്ടങ്ങളും ദുഃഖങ്ങളും നിരാശകളും അനുഭവിക്കുന്നവർക്ക് അവളുടെ ജീവിതം വലിയ പ്രചോദനമാണ്. ദൈവം നമ്മുടെ കണ്ണുനീർ കാണുകയും നമ്മുടെ വേദനകളിൽ ഇടപെടുകയും ചെയ്യുന്നുവെന്ന ഉറപ്പ് അവളുടെ അനുഭവം നൽകുന്നു. അതിനാൽ നയീൻ പട്ടണത്തിലെ വിധവയുടെ ജീവിതം, ദൈവത്തിൽ വിശ്വസിക്കുന്നവർ ഒരിക്കലും പ്രത്യാശ കൈവിടരുതെന്ന ശക്തമായ സന്ദേശമാണ് ലോകത്തോട് വിളിച്ചുപറയുന്നത്.

7. ഇന്നത്തെ വിശ്വാസികൾക്കുള്ള മാതൃക

നയീൻ പട്ടണത്തിലെ വിധവ ഇന്നത്തെ വിശ്വാസികൾക്ക് വലിയ ആത്മീയ മാതൃകയാണ്. ജീവിതത്തിൽ അപ്രതീക്ഷിതമായ നഷ്ടങ്ങളും ദുഃഖങ്ങളും വേദനകളും അനുഭവിക്കേണ്ടി വരുന്ന അനേകം ആളുകളുടെ ജീവിതസാഹചര്യങ്ങളുമായി അവളുടെ അനുഭവം ഏറെ സാമ്യമുള്ളതാണ്. ഭർത്താവിനെയും ഏകമകനെയും നഷ്ടപ്പെട്ട അവളുടെ ജീവിതം മനുഷ്യരുടെ കാഴ്ചപ്പാടിൽ തീർത്തും നിരാശാജനകമായിരുന്നു. എന്നിരുന്നാലും ആ ദുഃഖത്തിന്റെ നടുവിൽ ദൈവത്തിന്റെ കരുണയും ശക്തിയും അവളുടെ ജീവിതത്തെ സ്പർശിച്ചു.

അതുകൊണ്ടുതന്നെ അവളുടെ ജീവിതം എല്ലാ കാലഘട്ടങ്ങളിലുമുള്ള വിശ്വാസികൾക്ക് പ്രത്യാശയും ആശ്വാസവും പകരുന്ന ഒരു മഹത്തായ സാക്ഷ്യമായി മാറുന്നു.

ഇന്നത്തെ ലോകത്തിൽ പലരും വിവിധ തരത്തിലുള്ള നഷ്ടങ്ങളിലൂടെ കടന്നുപോകുന്നുണ്ട്. ചിലർ പ്രിയപ്പെട്ടവരുടെ മരണം മൂലം ദുഃഖിക്കുന്നു; ചിലർ രോഗം, സാമ്പത്തിക പ്രതിസന്ധി, കുടുംബപ്രശ്നങ്ങൾ, ഏകാന്തത, നിരാശ എന്നിവ മൂലം വേദന അനുഭവിക്കുന്നു. അത്തരം സാഹചര്യങ്ങളിൽ പലപ്പോഴും തങ്ങൾ ഒറ്റപ്പെട്ടവരാണെന്നും ആരും തങ്ങളുടെ വേദന മനസ്സിലാക്കുന്നില്ലെന്നും അവർക്ക് തോന്നാം. എന്നാൽ നയീൻ പട്ടണത്തിലെ വിധവയുടെ അനുഭവം ദൈവം തന്റെ മക്കളുടെ കണ്ണുനീർ കാണുകയും അവരുടെ ഹൃദയവേദന അറിയുകയും ചെയ്യുന്നുവെന്ന മഹത്തായ സത്യം നമ്മെ ഓർമ്മിപ്പിക്കുന്നു.

ഈ സ്ത്രീ യേശുവിനോട് സഹായം അഭ്യർത്ഥിച്ചതായി സുവിശേഷത്തിൽ കാണുന്നില്ല. എന്നിരുന്നാലും യേശു അവളുടെ ദുഃഖം കണ്ടു, അവളുടെ ജീവിതത്തിൽ ഇടപെട്ടു. ഇത് നമ്മുടെ ജീവിതത്തിലും ദൈവം പ്രവർത്തിക്കുന്ന രീതിയെക്കുറിച്ച് ഒരു വലിയ പാഠം നൽകുന്നു. പലപ്പോഴും നമുക്ക് വാക്കുകളിലൂടെ നമ്മുടെ വേദനകൾ പ്രകടിപ്പിക്കാൻ കഴിയാതെ വരാം. എന്നാൽ നമ്മുടെ ഹൃദയത്തിന്റെ ആഴങ്ങളിൽ ഒളിഞ്ഞിരിക്കുന്ന ദുഃഖങ്ങളും കണ്ണുനീരും ദൈവം അറിയുന്നുവെന്ന ആശ്വാസമാണ് ഈ സംഭവം നൽകുന്നത്.

കൂടാതെ, ദുഃഖത്തിന്റെയും നിരാശയുടെയും സമയങ്ങളിൽ പോലും പ്രത്യാശ നഷ്ടപ്പെടുത്തരുതെന്ന് ഈ വിധവയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. മനുഷ്യരുടെ കാഴ്ചപ്പാടിൽ അവസാനമായി തോന്നുന്ന സാഹചര്യങ്ങളിലും ദൈവത്തിന് പുതിയ വഴികൾ തുറക്കാൻ കഴിയും. അവിടുത്തെ കരുണയും ശക്തിയും മനുഷ്യന്റെ ജീവിതത്തെ മാറ്റിമറിക്കാൻ പര്യാപ്തമാണ്. അതിനാൽ പ്രതിസന്ധികളുടെ സമയങ്ങളിൽ ദൈവത്തിൽ ആശ്രയിക്കാനും അവിടുത്തെ വാഗ്ദാനങ്ങളിൽ വിശ്വസിക്കാനും ഈ സംഭവം വിശ്വാസികളെ പ്രേരിപ്പിക്കുന്നു.

അങ്ങനെ നയീൻ പട്ടണത്തിലെ വിധവയുടെ ജീവിതം ദൈവവിശ്വാസം, പ്രത്യാശ, സഹനം, ദൈവകരുണയിലുള്ള ആശ്രയം എന്നീ ആത്മീയ മൂല്യങ്ങളുടെ മനോഹര മാതൃകയാണ്. ദുഃഖം സന്തോഷമായും നിരാശ പ്രത്യാശയായും മാറ്റാൻ ദൈവത്തിന് കഴിയുമെന്ന വിശ്വാസം, അവളുടെ അനുഭവത്തിലൂടെ ഇന്നും ഓരോ വിശ്വാസിയുടെയും ഹൃദയത്തിൽ ശക്തിപ്പെടുത്തുന്നു. അതുകൊണ്ട് തന്നെ നയീൻ പട്ടണത്തിലെ വിധവയുടെ ജീവിതം ഇന്നത്തെ വിശ്വാസികൾക്ക് ആശ്വാസത്തിന്റെയും പ്രത്യാശയുടെയും ദൈവവിശ്വാസത്തിന്റെയും പ്രകാശമേകുന്ന ഒരു മഹത്തായ മാതൃകയായി നിലകൊള്ളുന്നു.

നയീൻ പട്ടണത്തിലെ വിധവയുടെ പേര് ബൈബിളിൽ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും അവളുടെ ജീവിതാനുഭവം എല്ലാ കാലഘട്ടങ്ങളിലുമുള്ള വിശ്വാസികളുടെ ഹൃദയത്തെ സ്പർശിക്കുന്ന ശക്തമായ സാക്ഷ്യമാണ്. ഭർത്താവിനെ നഷ്ടപ്പെട്ടതിന്റെ വേദന സഹിച്ചുകൊണ്ട് ജീവിച്ചിരുന്ന അവൾക്ക് പിന്നീട് ഏക മകന്റെ മരണവും അനുഭവിക്കേണ്ടി വന്നു. മനുഷ്യരുടെ കാഴ്ചപ്പാടിൽ അവളുടെ ജീവിതം പൂർണമായും തകർന്നതും പ്രത്യാശ നഷ്ടപ്പെട്ടതുമായ ഒരു അവസ്ഥയിലായിരുന്നു. ആശ്രയിക്കാനും ആശ്വസിപ്പിക്കാനും ആരുമില്ലാത്ത അവളുടെ ജീവിതത്തിലേക്ക് യേശുക്രിസ്തു കടന്നുവന്നപ്പോൾ, അവളുടെ ദുഃഖം സന്തോഷമായും നിരാശ പ്രത്യാശയായും മാറി.

ഈ സംഭവം യേശുവിന്റെ അത്ഭുതശക്തി വെളിപ്പെടുത്തുന്നതോടൊപ്പം അവിടുത്തെ കരുണാനിർഭരമായ ഹൃദയത്തെയും വെളിവാക്കുന്നു. നയീൻ പട്ടണത്തിലെ വിധവ യേശുവിനോട് സഹായം അപേക്ഷിച്ചില്ല; അവൾ ഒരു അദ്ഭുതത്തിനുവേണ്ടി പ്രാർത്ഥിച്ചതായും സുവിശേഷത്തിൽ പറയുന്നില്ല. എന്നിരുന്നാലും അവളുടെ കണ്ണുനീരും ഹൃദയവേദനയും യേശു കണ്ടു. അവളുടെ ജീവിതത്തിലെ ദുഃഖം യേശുവിന്റെ കരുണയെ ഉണർത്തി. ഇത് ദൈവം തന്റെ മക്കളുടെ ആവശ്യങ്ങൾ അവർ പറയുന്നതിനുമുമ്പ് അറിയുന്നവനാണെന്നും അവരുടെ വേദനകളെ അവഗണിക്കാത്തവനാണെന്നും നമ്മെ പഠിപ്പിക്കുന്നു.

നയീൻ പട്ടണത്തിലെ വിധവയുടെ ജീവിതം ദുഃഖത്തിന്റെയും നഷ്ടത്തിന്റെയും നടുവിൽ ജീവിക്കുന്ന എല്ലാ മനുഷ്യർക്കും പ്രത്യാശയുടെ സന്ദേശമാണ് നൽകുന്നത്. ജീവിതത്തിൽ ചിലപ്പോൾ എല്ലാ വഴികളും അടഞ്ഞുപോയതായി തോന്നാം. പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കുന്നില്ലെന്നും ഭാവി അന്ധകാരപൂർണമാണെന്നും തോന്നുന്ന സാഹചര്യങ്ങൾ ഉണ്ടാകാം. എന്നാൽ മനുഷ്യന്റെ പ്രതീക്ഷകൾ അവസാനിക്കുന്നിടത്തും ദൈവത്തിന്റെ പ്രവർത്തനം അവസാനിക്കുന്നില്ലെന്ന് ഈ സംഭവം നമ്മെ ഓർമ്മിപ്പിക്കുന്നു. അവിടുന്ന് ഏറ്റവും അസാധ്യമായ സാഹചര്യങ്ങളെയും മാറ്റിമറിക്കാൻ ശക്തനാണ്.


കൂടാതെ, ഈ വിധവയുടെ അനുഭവം ദൈവത്തിൽ പൂർണമായി ആശ്രയിക്കേണ്ടതിന്റെ ആവശ്യകതയും നമ്മെ പഠിപ്പിക്കുന്നു. ജീവിതത്തിലെ സന്തോഷ സമയങ്ങളിൽ മാത്രമല്ല, ദുഃഖത്തിന്റെയും പരീക്ഷണങ്ങളുടെയും സമയങ്ങളിലും ദൈവവിശ്വാസത്തിൽ ഉറച്ചുനിൽക്കേണ്ടതിന്റെ പ്രാധാന്യം അവളുടെ ജീവിതം വ്യക്തമാക്കുന്നു. ദൈവം തന്റെ മക്കളുടെ കണ്ണുനീർ കാണുകയും അവരുടെ പ്രാർത്ഥനകൾ കേൾക്കുകയും അനുയോജ്യമായ സമയത്ത് അവരുടെ ജീവിതത്തിൽ ഇടപെടുകയും ചെയ്യുന്ന സ്നേഹനിധിയായ പിതാവാണെന്ന് ഈ സംഭവം ഉറപ്പുനൽകുന്നു.

അതിനാൽ നയീൻ പട്ടണത്തിലെ വിധവയുടെ ജീവിതം വിശ്വാസം, പ്രത്യാശ, ദൈവകരുണ, ദൈവിക ഇടപെടൽ എന്നിവയുടെ ജീവിക്കുന്ന സാക്ഷ്യമാണ്. ദുഃഖം എത്ര വലുതായാലും ദൈവത്തിന്റെ സ്നേഹം അതിലും വലുതാണെന്നും, മനുഷ്യർക്ക് അസാധ്യമായതെല്ലാം ദൈവത്തിന് സാധ്യമാണെന്നും, അവിടുത്തെ കരുണയിൽ ആശ്രയിക്കുന്നവർ ഒരിക്കലും നിരാശരാകുകയില്ലെന്നും അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. അതുകൊണ്ട് തന്നെ നയീൻ പട്ടണത്തിലെ വിധവ ഇന്നും എല്ലാ വിശ്വാസികൾക്കും പ്രത്യാശയുടെയും വിശ്വാസത്തിന്റെയും ദൈവസ്നേഹത്തിന്റെയും പ്രകാശമാനമായ മാതൃകയായി നിലകൊള്ളുന്നു.

❑



കേരള നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ആർപ്പൂക്കര മാർ ഗ്രീഗോറിയോസ് കാരുണ്യനിലയം സന്ദർശിക്കുകയും ഈ മാസത്തെ സൗജന്യ ഡയാലിസിസ് കിറ്റ് വിതരണം ഉദ്ഘാടനം നിർവ്വഹിച്ചു.



ജോസ്ന സാറാ ജോസഫ് മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ നിന്നും ബി.എ. (ഇംഗ്ലീഷ് സാഹിത്യത്തിലും പത്രപ്രവർത്തനത്തിലും ബാച്ചിലർ ഓഫ് ആർട്സ്) രണ്ടാം റാങ്ക് കരസ്ഥമാക്കി. നിരണം പള്ളിയുടെ സെന്റ് തോമസ് കടപ്ര പ്രാർത്ഥനാമുറിയിൽ തോണ്ടുപറമ്പിൽ പരേതനായ ജോസഫ് മത്തായിയുടെയും സിന്ധു ജോസഫിന്റെയും മകളാണ്.

മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ക്രിസ്ത്യൻ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ (MGOCSM) കേന്ദ്ര വർക്കിംഗ് കമ്മിറ്റി അംഗമാണ്.

വചനതീർത്ഥം

പെന്തിക്കോസ്തിക്ക് ശേഷം മൂന്നാം ഞായർ

(വി. യോഹന്നാൻ 6:35-46)



ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

അപ്പം വർദ്ധിച്ചത് കണ്ട് സന്തോഷിക്കുകയും ഭക്ഷണം കൊണ്ട് തൃപ്തരാവുകയും ചെയ്ത ഒരു സമൂഹത്തോട് തീർത്തും വേറിട്ട ചില ചിന്തകൾ കർത്താവ് പകർന്നു നൽകുന്ന വേദഭാഗം ആണിത്. നശിച്ചുപോകുന്ന ആഹാരത്തിനപ്പുറത്ത് നിത്യജീവനു വേണ്ടിയുള്ള ആഹാരത്തെക്കുറിച്ച് കർത്താവ് സംസാരിച്ചു തുടങ്ങുകയാണ്.



വിശപ്പടക്കുന്ന ദൈവം

സൃഷ്ടിയുടെ ആരംഭം മുതൽ തന്നെ മനുഷ്യന് ഭക്ഷണത്തിന് ആവശ്യമായ ക്രമീകരണം ചെയ്യുന്ന ദൈവത്തെ നാം കാണുന്നുണ്ട്. ഉല്പത്തി 1:29-ൽ മനുഷ്യന് ആഹാരമാകേണ്ട വസ്തുക്കളെ കുറിച്ചുള്ള നിർദ്ദേശങ്ങൾ നൽകുന്നയിടത്താണ് മനുഷ്യന്റെ ആഹാര ക്രമീകരണങ്ങളോട് ദൈവത്തിനുള്ള താല്പര്യം ആദ്യമായി വെളിപ്പെടുന്നത്. മരുഭൂമിയിൽ വെച്ച് ജനം തളർന്നു പോകാതിരിക്കുവാൻ മന്നയും കാടപ്പക്ഷിയും ഭക്ഷണമായി നൽകുമ്പോഴും ഈ ദൈവീക കരുതൽ വ്യക്തമാണ്. വിശപ്പടക്കുന്നതിനോടൊപ്പം ജനതയുടെ ദൈവാശ്രയ ബോധം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യവും ഇവയ്ക്കുണ്ട്. ഭൗതിക ഭക്ഷണങ്ങൾ ഒരുവൻറെ സമഗ്രമായ ആരോഗ്യത്തിന് ഉതകുന്നില്ല എന്നത് കൊണ്ടാണ് താൻ തന്നെ അപ്പമായി ജനതയുടെ മുൻപിൽ അവതരിച്ചത്. ഈ ലോക ജീവിതത്തിന്റെ നിലനിൽപ്പിന് ഭൗതികമായ ആഹാരം പര്യാപ്തമാണെങ്കിൽ നിത്യജീവനുവേണ്ടി നിലനിൽക്കുന്ന ആഹാരത്തിനായി കർത്താവ് സ്വയം നൽകപ്പെടുകയാണ്. നശിച്ചു പോകാത്ത ഭക്ഷണമായി അവതരിച്ച മാനവകുലത്തിന്റെ വിശപ്പടക്കുന്ന ദൈവത്തെയാണ് ഇവിടെ നാം കാണുന്നത്.

സ്വർഗ്ഗരാജ്യത്തെ നോക്കി യാത്ര ചെയ്യുന്ന തീർത്ഥാടക സമൂഹമാണ് സഭ. പഴയ ഇസ്രായേലിന് മരുഭൂ യാത്രയിൽ മന്ന നൽകി അവരെ സ്വന്തമാക്കിയത് പോലെ നിത്യജീവനിലേക്കുള്ള യാത്രയുടെ വഴി ആഹാരമായി ജീവന്റെ അപ്പം നൽകുകയാണ്. തീർത്ഥാടകരുടെ ദൈവ സാന്നിധ്യമാണ് ജീവൻറെ അപ്പം.

സാക്ഷാൽ ഭക്ഷണവും സാക്ഷാൽ പാനീയവും

താൻ സാക്ഷാൽ ഭക്ഷണവും സാക്ഷാൽ പാനീയവും ആണ് എന്ന ദർശനം കർത്താവ് ആവർത്തിച്ച് പറയുന്ന ഒന്നാണ്. ഏറെ അർത്ഥതലങ്ങൾ ഉള്ള ഒരു പരാമർശമാണ് ഇത്. സാധാരണ ഭക്ഷണം ഒരു വ്യക്തിയുടെ ശരീരത്തിലേക്ക് കടന്നു ചെല്ലുമ്പോൾ ശരീരം ആ ഭക്ഷണത്തെ ശരീരത്തിന് ആവശ്യമുള്ള വസ്തുക്കൾ ആയി വിഭജിക്കുകയാണ് ചെയ്യുന്നത്. (Body is controlling the food).

എന്നാൽ സ്വർഗീയ അപ്പമായ സാക്ഷാൽ ഭക്ഷണം ഇതിൽ നിന്നും വ്യത്യസ്തമാണ്. ഇനി ഒരുനാളും വിശക്കുകയോ ദാഹിക്കുകയോ ചെയ്യാതിരിക്കത്തക്കവിധം ഈ ഭക്ഷണമാണ് ശരീരത്തെ നിയന്ത്രിക്കുന്നത്. (Food is controlling the body) സാധാരണ ഭക്ഷണത്തിൽ നിന്ന് തീർത്തും വ്യത്യസ്തമായ ധർമ്മമാണ് സാക്ഷാൽ ഭക്ഷണത്തിന് ഉള്ളത്. അതുകൊണ്ടാവാം എല്ലാതരത്തിലുമുള്ള ആത്മീയ ദാഹവും വിശപ്പും ഈ ഭക്ഷണം അടക്കുന്നു എന്ന് കർത്താവ് സൂചിപ്പിക്കുന്നത്.

ഓരോ വിശുദ്ധ കുർബാന അനുഭവവും ഈ ബോധ്യത്തോടെ നാം നടത്തുമ്പോൾ അത് നമ്മുടെ ജീവിതത്തിന് പുതിയ മാനങ്ങൾ നൽകുമെന്നതിന് സംശയമില്ല.

ജീവന്റെ അപ്പം - ദൈവഹിതം ചെയ്യുന്നവന്റെ അവകാശം

കർത്താവ് തന്റെ ശരീരം ഭക്ഷണമായി നൽകി എന്ന സൂചന തന്നെ പരമമായ ദൈവഹിതത്തിന്റെ വിധേയപ്പെടലാണ്. കേവലം പ്രസംഗകനായ യേശുക്രിസ്തുവിനെ അല്ല മറിച്ച് സ്വയം ബലിയായ ക്രിസ്തുവിനെയാണ് ലോകത്തിന് നൽകിയത്. ജീവന്റെ അപ്പം എന്ന സംജ്ഞയിൽ തന്നെ ദൈവഹിതത്തിന് വിധേയപ്പെടുക എന്ന മാനം ഉണ്ട്. ജീവൻറെ അപ്പത്തിൽ പങ്കാളികളാകുന്ന ഏതൊരുവനും ഈ ദൈവഹിതത്തിനും വിധേയപ്പെടേണ്ടവനാണ്. ഒരു പ്രക്രിയ എന്നവണ്ണം ചിന്തിക്കുമ്പോൾ പിതാവിനാൽ ആകർഷിക്കപ്പെടുകയും ക്രിസ്തു ശരീരത്തിൽ പങ്കാളികളാവുകയും ദൈവഹിതത്തിന് വിധേയപ്പെടുകയും ചെയ്യുക എന്നതാണ് നിത്യജീവനിലേക്കുള്ള മാർഗ്ഗം.

ദൈവഹിതം ചെയ്ത ക്രിസ്തുവിന്റെ ശരീരം നമ്മുടെ ശരീരത്തോട് ചേർക്കുമ്പോൾ ഒരു “ഇമ്മാനുവേൽ ജീവിതശൈലി” ഈ ലോകത്തിൽ വച്ച് തന്നെ രൂപപ്പെടുത്തുവാനുള്ള ഉത്തരവാദിത്വം നമ്മിലേക്ക് വന്നു ചേരുകയാണ്. ജീവന്റെ അപ്പത്തിന്റെ സ്വീകരണം ജീവിതത്തെ ഒരു ബലിയായി ജീവിക്കുവാൻ നമ്മെ പ്രാപ്തരാക്കണം. നൽകപ്പെടുവാനും, മുറിക്കപ്പെടുവാനും, വിശുദ്ധീകരിക്കപ്പെടുവാനും നമ്മുടെ ജീവിതങ്ങൾക്ക് ഇതു മൂലം സാധ്യമാകണം. ❑




കണ്ടനാട് ഈസ്റ്റ് ഭദ്രാസന വൈദീക സംഘത്തിന്റെ നേതൃത്വത്തിൽ എല്ലാ വർഷവും നടത്തിവരുന്ന പഠന ശിബിരം ഈ വർഷം പാമ്പാക്കുട , സമന്വയ സ്റ്റഡി സെന്ററിൽ ആരംഭിച്ചു. ഈ വർഷത്തെ പഠന വിഷയം ‘Pastoral Care in Contemporary Society: A Psychological Approach’ എന്നതാണ്.

Church Calendar

The Bread that Came Down from Heaven

Third Sunday after Pentecost
(St. John 6:35-46)



Philipose Ramban
(Jyothis Ashram, Abu Road, Rajasthan)

When we examine the scripture passages for the Sundays after the Feast of Pentecost, we can generally see that they relate to the early period of Lord Jesus' public ministry. In the readings of the Evening (St. Mark 6:7-13) and the Morning (St. Luke 9:1-11), marking the beginning of Lord Jesus' public ministry, He selects 12 people from among His flock of disciples and sends them to various places. These Apostles are the foundation of the Christian Church. The meaning of the word 'Apostle' is "one who is sent with a specific mission."

"Then He called His twelve disciples together and gave them power and authority over all demons, and to cure diseases" (St. Luke 9:1). "Go therefore and make disciples of all the nations, baptizing them in the name of the Father and of the Son and of the Holy Spirit, teaching them to observe all things that I have commanded you; and lo, I am with you always, even to the end of the age" (St. Matthew 28:19-20). "But you shall receive power when the Holy Spirit has come upon you; and you shall be witnesses to Me in Jerusalem, and in all Judea and Samaria, and to the end of the earth" (Acts 1:8). Thus, the mission entrusted to the Apostles by Christ was to 'Go to the end of the earth and proclaim my Gospel.' Even when they were confined in prisons, when they were exiled, when they had to suffer persecutions, and when they faced death, they gave priority to the mission entrusted to them by Christ.

The scripture passage for this week is from St. John 6:35 to 46. Jesus Christ says, "I am the bread of life. He who comes to Me shall never hunger, and he who believes in Me shall never thirst. But I said to you that you have seen Me and yet do not believe. All that the Father gives Me will come to Me, and the one who comes to Me I will by no means cast out. For I have come down from heaven, not to do My own will, but the will of Him who sent Me. This is the will of the Father who sent Me, that of all He has given Me I should lose nothing, but should raise it up at the last day."

When they heard all this, the Jews began to ask, "Is not this Jesus, the son of Joseph, whose father and mother we know? How is it then that He says, 'I have come down from heaven'?" Then Jesus answered them, "No one can come to Me unless the Father who sent Me draws him. I am the living bread which came down from heaven. If anyone eats of this bread, he will live forever; and the bread that I shall give is My flesh, which I shall give for the life of the world."

I am the bread of life

In this Gospel, there are seven "I am" statements. This is the very first among them. Jesus is our food and life. In this world, food, or bread, is the most essential thing for the sustenance of human life. Christ is saying that He is that bread. He nourishes our life. Just as earthly life is impossible without food, spiritual life is impossible without Christ. Apart from Christ, we can do nothing.

It was the Holy Apostles who introduced this truth to us. Just as Christ became the bread of life, these Apostles also turned themselves into bread through martyrdom to lead the world to Christ.

Here, Christ compares Himself to bread. Just as food is absolutely indispensable to us, the presence of Christ is always necessary in our lives. Apart from Him, we can do nothing. Christ has given Himself to us as food. "The bread that I shall give is My flesh, which I shall give for the life of the world" (St. John 6:51). "He who eats My flesh and drinks My blood abides in Me, and I in him. He who eats this bread will live forever. Unless you eat the flesh of the Son of Man and drink His blood, you have no life in you. Whoever eats My flesh and drinks My blood has eternal life, and I will raise him up at the last day." Because the Lord gives Himself to us, sinners, through the Holy Qurbana (Holy Communion) for the forgiveness of sins, spiritual nourishment, and abundant life, it is the bread of life.

He does not reject those who come to Him.

He calls upon everyone, saying, "Come to Me" (St. Matthew 11:28). All those to whom the Father reveals the path come to Jesus. He does not reject anyone who comes to Him. Instead, He guards them without losing them and presents them to the Father on the last day (1 Cor. 15:28). This is achieved by resurrecting them on the final day. Therefore, the gift that Jesus offers is not confined to this world alone. It extends into eternity. Only those appointed by God will come to Him. "No one can come to Me unless the Father who sent Me draws him; and I will raise him up at the last day" (St. John 6:44). Those who open their hearts to the Father's guidance and strive to make that guidance their own will come to Christ. "He who believes has everlasting life" (St. John 6:47).

It was the Holy Apostles who introduced this truth to us. Just as Christ became the bread of life, these Apostles also turned themselves into bread through martyrdom to lead the world to Christ. Let us remember all the Apostles, including Holy Mar Thoma (St. Thomas), who begot us in faith. In the Boovooso, petition prayer, of the evening prayer during the Fast of the Holy Apostles, we pray as follows:

"O Lord, through the prayers of the Holy Apostles, grant that we, like them, may overcome the world and its pleasures, and become worthy to perceive and inherit eternal life in that most blissful world. Let Your grace be our help so that we may not fear those who kill the body, but fear Him who is able to destroy both soul and body in hell fire, and that we may value the purity and holiness of the soul over the body and live in a manner fitting for a Christian."

May we be granted to inherit the eternal life promised by Christ through the intercession and prayers of these Holy Apostles.

❑

മറുപുറം

വിറക് ചേർക്കുന്നവർ

ഫാ. അജീഷ് ബാബു



ഒരു ജനതയുടെ ഹൃദയത്തിൽ കത്തിയ തീ "യാഗപീഠത്തിന്മേൽ തീ കെട്ടുപോകാതെ എപ്പോഴും കത്തിക്കൊണ്ടിരിക്കേണം." ലേവ്യ പുസ്തകത്തിലെ ഈ നിർദ്ദേശം മതാചാരത്തിന്റെ നിയമം മാത്രമല്ല, ഒരു ജനതയുടെ ആത്മാവിനെ സംരക്ഷിക്കാൻ ദൈവം തെളിച്ചുവെച്ച ജ്വാലയാണ്. മരുഭൂമിയിലൂടെ സഞ്ചരിച്ചിരുന്ന ഇസ്രായേൽജനതയുടെ ജീവിതത്തിൽ ആ തീ ഒരു സാധാരണ അഗ്നിയല്ലായിരുന്നു. ഇപ്പോഴും ദൈവത്താൽ ഉപേക്ഷിക്കപ്പെട്ടിട്ടില്ലെന്ന തെളിവായിരുന്നു അത്. രാത്രിയുടെ ഇരുട്ടിലും, അനിശ്ചിതത്വത്തിന്റെ കാലങ്ങളിലും, അവരുടെ പേരിൽ ദൈവസന്നിധിയിൽ എന്തോ ഒരിടത്ത് തീ ജ്വലിച്ചു കൊണ്ടിരുന്നു. ചരിത്രപരമായി നോക്കുമ്പോൾ, പുരാതന ലോകത്തിലെ ദേവാലയങ്ങളിലെ തീകൾ പലപ്പോഴും ദൈവസാന്നിധ്യത്തിന്റെ അടയാളമായിരുന്നു. എന്നാൽ ഇസ്രായേലിന്റെ യാഗപീഠത്തിലെ തീയ്ക്ക് ഒരു പ്രത്യേകതയുണ്ട്. അത് രാജാവിന്റെ മഹത്വത്തിനുവേണ്ടി കത്തിച്ച തീയല്ല ജനത്തിന്റെ ജീവൻ നിലനിൽക്കാനായുള്ള ജ്വാലയായിരുന്നു. സാമ്രാജ്യങ്ങൾ അവരുടെ ശക്തി വാളുകളാൽ തെളിയിച്ചപ്പോൾ, ഈ ജനത അവരുടെ പ്രത്യാശ ഒരു അണയാത്ത തീയിൽ സൂക്ഷിച്ചു.

ജനകീയ സൗന്ദര്യം, പുറമേ നോക്കുമ്പോൾ ഈ എഴുത്തുകൾ പുരോഹിത കേന്ദ്രിതമാണ്.വിശുദ്ധസ്ഥലത്തിന്റെ വാതിലുകൾ എല്ലാവർക്കും തുറന്നിരുന്നില്ല. സാധാരണ ജനങ്ങൾ ദൂരെയായിരുന്നു. തിരശ്ശീലകൾക്കപ്പുറം എന്താണ് നടക്കുന്നതെന്ന് അവർക്കറിയില്ല. എങ്കിലും ആ അന്തർഭാഗത്ത് കത്തിയ തീ അവരുടെ പേരിലായിരുന്നു. പുരോഹിതൻ തന്റെ ജീവിതത്തിനുവേണ്ടിയല്ല ആ തീ സൂക്ഷിച്ചത് ജനത്തിന്റെ ഓർമ്മ ദൈവസന്നിധിയിൽ നിലനിൽക്കാനായിരുന്നു.

ആത്മീയമായി വലിയൊരു ആശ്വാസത്തിന്റെ ദൈവശാസ്ത്രമാണ്, കാരണം മനുഷ്യർക്ക് പലപ്പോഴും ദൈവം അകലെയാണെന്ന് തോന്നും. ജീവിതത്തിന്റെ ഇരുണ്ട രാത്രികളിൽ ദൈവസാന്നിധ്യം കാണാനാകാതെ വരും. എന്നാൽ ലേവ്യരുടെ ഈ ജ്വാല മനുഷ്യനോട് ഒരു സത്യം പറയുന്നു "നീ കാണുന്നില്ലെങ്കിലും, നിനക്കുവേണ്ടി തീ ഇപ്പോഴും കത്തുന്നു." മനുഷ്യന്റെ കണ്ണുകൾ കാണാത്ത ഇടങ്ങളിലും ദൈവത്തിന്റെ കരുണ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ഓരോ പ്രഭാതത്തിലും പുരോഹിതൻ വിറക് ചേർക്കണം എന്ന നിർദ്ദേശം അതുകൊണ്ട് വളരെ ഗഹനമാണ്. തീ സ്വയം നിലനിൽക്കില്ല. ജ്വാല നിലനിർത്താൻ കരുതൽ വേണം. ആത്മീയജീവിതവും അങ്ങനെയാണ്. പ്രാർത്ഥന ഇല്ലെങ്കിൽ വിശ്വാസം ചാരമാകും. ഓർമ്മ നഷ്ടപ്പെട്ടാൽ മനുഷ്യൻ ഉള്ളിൽ തണുത്തുപോകും. ഓരോ ഉഷസ്സും പുതിയൊരു തുടക്കമാകുന്നത്. ഓരോ പ്രഭാതവും ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം വീണ്ടും ജ്വലിപ്പിക്കപ്പെടുന്നു.

ഇസ്രായേൽചരിത്രം മുഴുവൻ അണയാത്ത ജ്വാലയുടെ പ്രതീകം ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു. അടിമത്തത്തിന്റെ രാത്രികളിലും, പ്രവാസത്തിന്റെ വേദനകളിലും, ക്ഷേത്രം തകർന്ന നാളുകളിലും പോലും, അവരുടെ വിശ്വാസത്തിന്റെ തീ പൂർണ്ണമായി അണഞ്ഞില്ല. ചിലപ്പോൾ പ്രവാചകന്റെ ശബ്ദമായി ജ്വലിച്ചു. ചിലപ്പോൾ ഒരു അമ്മയുടെ പ്രാർത്ഥനയായി. ചിലപ്പോൾ അനീതിക്കെതിരെ നിൽക്കുന്ന ദരിദ്രരുടെ കണ്ണുകളിൽ. ചരിത്രം പഠിപ്പിക്കുന്നത് ഇതാണ്. ഒരു ജനതയുടെ ദൈവാനുഭവം പൂർണ്ണമായി അണയുകയില്ല അതിന്റെ ചാരത്തിനുള്ളിൽ പോലും ജ്വാല ഒളിഞ്ഞിരിക്കും.

പുതിയ നിയമത്തിലേക്ക് എത്തുമ്പോൾ ഈ തീ മനുഷ്യഹൃദയത്തിലേക്ക് മാറുന്നു. ഇനി ബലിപീഠം ഒരു കെട്ടിടത്തിന്റെ ഉള്ളിൽ മാത്രമല്ല; മനുഷ്യന്റെ ഉള്ളിലാണ്. ദൈവസാന്നിധ്യം കല്ലുകൊണ്ടുള്ള വിശുദ്ധസ്ഥലങ്ങളിൽ നിന്ന് മനുഷ്യജീവിതത്തിലേക്ക് ഇറങ്ങിവരുന്നു. എങ്കിലും പഴയ ആജ്ഞ ഇന്നും മാറുന്നില്ല "തീ കെട്ടുപോകരുത്."കാരണം ലോകം പലപ്പോഴും മനുഷ്യന്റെ ഉള്ളിലെ ജ്വാല അണയ്ക്കാൻ ശ്രമിക്കുന്നു. യുദ്ധങ്ങൾ, അനീതികൾ, ഏകാന്തത, നിരാശ, തകർന്ന ബന്ധങ്ങൾ ഇവ എല്ലാം മനുഷ്യനെ ഉള്ളിൽ ചാരമാക്കുന്നു. അപ്പോൾ എവിടെയെങ്കിലും ആരെങ്കിലും വിറക് ചേർക്കണം. ഒരാൾ എങ്കിലും പ്രത്യാശയുടെ തീ കാത്തുസൂക്ഷിക്കണം. ഒരാൾ എങ്കിലും മറ്റൊരാളുടെ പേരിൽ ജ്വലിക്കണം. അതുകൊണ്ടാണ് അണയാത്ത ജ്വാല വെറും യാഗപീഠത്തിന്റെ തീയല്ലാതാകുന്നത്. അത് മനുഷ്യരാശിയുടെ ആഴത്തിലുള്ള പ്രത്യാശയാണ്. ഇരുട്ട് എത്ര കൂടിയാലും, ദൈവം മനുഷ്യനെ പൂർണ്ണമായി വിട്ടുകളഞ്ഞിട്ടില്ല എന്ന പ്രത്യാശ.

വിറക് ചേർക്കുന്നവർ:

പൗരോഹിത്യം വെറും ബലിപീഠത്തിനരികിൽ നിൽക്കുന്ന ഒരാളുടെ അധികാരമല്ല. അണഞ്ഞുപോകുന്ന മനുഷ്യഹൃദയങ്ങളിൽ വീണ്ടും തീ കൊളുത്തുന്ന ദൗത്യമാണ്.

ഇരുട്ടിൽ തണുത്തുപോകുന്ന ആത്മാക്കൾക്ക് സമീപം നിശ്ശബ്ദമായി വിറക് ചേർക്കുന്നവരാണ് യഥാർത്ഥ പുരോഹിതർ. സ്വന്തം ജീവിതം കത്തിച്ചുകൊണ്ട് മറ്റൊരാളുടെ പ്രത്യാശ അണയാതിരിക്കാൻ കാവലിരിക്കുന്നവൻ അതാണ് പൗരോഹിത്യം.

ലോകം ചാരമാക്കാൻ ശ്രമിക്കുന്നിടത്ത് പോലും, ഒരാൾ എങ്കിലും ജ്വാല കാത്തുസൂക്ഷിക്കണം.

'യാഗപീഠത്തിന്മേലുള്ള തീ ഒരിക്കലും കെട്ടുപോകരുത്" (ലേവ്യ 6:13).

ഡിഎൽഎഡ് അപേക്ഷ ക്ഷണിച്ചു

മാവേലിക്കര: തഴക്കര എം.എസ്.എസ്.റ്റി.റ്റി.ഐ യിൽ 2026-2028 വർഷത്തെ ഡിഎൽഎഡ് കോഴ്സിന് അപേക്ഷ നേരിട്ട് ക്ഷണിക്കുന്നു അവസാന തിയതി 15/06/2026.

കൂടുതൽ വിവരങ്ങൾക്ക് 9447364516, 9446923219.

"നമ്മുടെ സഭ ദൈവത്തിന്റെ വകയാണെന്നും അതു ഒരിക്കലും നശിച്ചുപോകാൻ ഇടയില്ലെന്നും നിങ്ങൾക്കു നല്ലപോലെ വിശ്വാസം ഉണ്ടായിരിക്കേണ്ടതാണ്. ... സഭ ദൈവത്തിന്റെ സ്വന്തമാണെന്നും അതിൽ സ്വാഭിപ്രായം നട്ടുവളർത്താൻ ആർക്കും ദൈവം അവകാശം നൽകിയിട്ടില്ലെന്നും എല്ലാവരും ധരിച്ചിരിക്കേണ്ടതാണ്."

– പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി

ലഹരി ശൃംഖലയുടെ വേരറുക്കണം, സർക്കാരിന്റെ ഓപ്പറേഷൻ തൂഫാന് പിന്തുണ: മലങ്കരസഭ

കോട്ടയം: ലഹരിയുടെ നീരാളിപ്പിടുത്തത്തിൽ നിന്ന് കേരള സമൂഹത്തെ രക്ഷിക്കുവാൻ സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ഓപ്പറേഷൻ തൂഫാൻ ദൗത്യത്തിന് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ പൂർണ പിന്തുണ വാഗ്ദാനം ചെയ്തു. ദൗത്യം പ്രഖ്യാപിച്ച ശേഷം കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നായി റെയ്ഡുകൾ സംബന്ധിച്ച നിരവധി വാർത്തകളാണ് പുറത്തു വരുന്നത്. വിദേശപൗരൻമാരടക്കം പിടിയിലാകുന്നു. അന്തർ സംസ്ഥാന പോലീസ് സേനയുമായി സഹകരിച്ചും ലഹരിക്കടത്തുകാരെ അറസ്റ്റ് ചെയ്യുന്നു. നമ്മുടെ നാട്ടിലേക്ക് ഒഴുകുന്ന ലഹരിവസ്തുക്കളുടെ അളവ് ഭയപ്പെടുത്തുന്നതാണ്.

ഉറവിടത്തെ കണ്ടെത്തി ഉൻമൂലനം ചെയ്യുമെന്നാണ് ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല വ്യക്തമാക്കിയിരിക്കുന്നത്. മന്ത്രിയാകുന്നതിന് മുൻപ് അദ്ദേഹം ലഹരിക്കെതിരായ കേരളയാത്ര നടത്തിയിരുന്നു. നാടിന്റെ അപകടരമായ സ്ഥിതി നേരിട്ട് ബോധ്യപ്പെട്ട ശേഷമാണ് ചരിത്രപരമായ ദൗത്യത്തിനായി അദ്ദേഹവും സർക്കാരും മുന്നിട്ടിറങ്ങിയിരിക്കുന്നത്. ലഹരിമാഫിയക്കെതിരെ വിവരം നൽകുവാൻ തൂഫാൻ ഇന്റലിജൻസ് ടീം രൂപീകരിച്ചത് പൊതുജനങ്ങൾക്ക് സഹായകമാകും.

സമൂഹത്തെ കാർന്നുതിന്നുന്ന മഹാവ്യാധിക്കെതിരെയുള്ള പോരാട്ടത്തിൽ മലങ്കരസഭയും അണിചേരുന്നു. സഭയുടെ പള്ളികളിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കും. നമ്മുടെ ഭാവി തലമുറയ്ക്ക് വേണ്ടി ഓപ്പറേഷൻ തൂഫാനൊപ്പം കേരളസമൂഹം ഒന്നടങ്കം അണിനിരക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് സഭയുടെ മാധ്യമ വിഭാഗം തലവൻ ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ പ്രതികരിച്ചു.



പ്രൊഫസർ ജോസഫ് കെ. അലക്സാണ്ടറിന് വിട

നാട്ടകം ഗവൺമെന്റ് കോളജിന്റെ ആദ്യ പ്രിൻസിപ്പൽ, വിദ്യാഭ്യാസരംഗത്ത് വെളിച്ചം പകർന്ന ഗുരു. അന്തരിച്ച പ്രഫസർ ജോസഫ് കെ അലക്സാണ്ടർ സാറിന് വിശേഷണങ്ങൾ ഏറെയാണ്. അറിവിന്റെ വെളിച്ചം തലമുറകൾക്ക് പകർന്ന് നൽകിയാണ് മലങ്കരസഭയുടെ പ്രിയ പുത്രൻ യാത്രയാകുന്നത്. വിദ്യാഭ്യാസ ചിന്തകൻ, സാമ്പത്തിക ശാസ്ത്രജ്ഞൻ, ഗ്രന്ഥകാരൻ തുടങ്ങി വിവിധ മേഖലകളിൽ അദ്ദേഹം പ്രശോഭിച്ചു.

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ വരണാധികാരിയായി അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സഭയുടെ വിദ്യാർത്ഥി പ്രസ്ഥാനമായ എം.ജി.ഒ.സി.എസ്.എമ്മിന്റെ വൈസ് പ്രസിഡന്റ്, ട്രഷറാർ തുടങ്ങിയ പദവികൾ അലങ്കരിച്ച ശ്രീ. ജോസഫ് കെ അലക്സാണ്ടർ പ്രസ്ഥാനത്തിന്റെ 100 വർഷത്തെ ചരിത്രം രേഖപ്പെടുത്തുന്ന പുസ്തകത്തിന്റെ രചയിതാവുമാണ്. സമൂഹവുമായും സഭയുമായും ഹൃദ്യമായ ബന്ധം കാത്തുസൂക്ഷിച്ച ശ്രേഷ്ഠ വ്യക്തിത്വത്തെയാണ് നഷ്ടമാകുന്നത്. പ്രൊഫസർ ജോസഫ് കെ അലക്സാണ്ടറിന്റെ വേർപാടിൽ അനുശോചനം രേഖപ്പെടുത്തുന്നു.

പ്രാർത്ഥനകളോടെ...

– പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ



രാജസ്ഥാൻ ബിറ്റ്സ് പിലാനി (BITS-Pilani) യൂണിവേഴ്സിറ്റിയിൽ നിന്നും 'പോസിറ്റീവ് സൈക്കോളജിയിൽ' ഡോക്ടറേറ്റ് നേടിയ ജെറിൻ വി ഫിലിപ്പോസ് (അസിസ്റ്റന്റ് പ്രൊഫസർ, ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റി ബന്നേർഘട്ട റോഡ് ക്യാമ്പസ്). ആലുവ യുസി കോളേജ് ഹിൽ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം. ആലുവ യു.സി. കോളജ് ബെഥേൽ ഭവനിൽ റിട്ട. താലൂക്ക് സപ്ലൈ ഓഫീസർ വി. ഫിലിപ്പോസിന്റെയും സൂസൻ ഫിലിപ്പോസിന്റെയും മകൻ.



മുഖ്യമന്ത്രിയുടെ വിശിഷ്ട സേവനത്തിനുള്ള അവാർഡ് ഗതാഗത വകുപ്പ് മന്ത്രി സി. പി. ജോണിൽ നിന്ന് മാവേലിക്കര മെത്രാസനത്തിൽ കൊറ്റംപള്ളി മാർ ഏലിയ ഓർത്തഡോക്സ് ഇടവകയിലെ കാട്ടൂതറയിൽ സ്റ്റീഫൻ വില്ലയിൽ ഡാനിയേൽ സ്റ്റീഫൻ ഏറ്റുവാങ്ങുന്നു.



ബാംഗ്ലൂർ ക്രിസ്റ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും സൈക്കോളജിയിൽ ഡോക്ടറേറ്റ് ലഭിച്ച മാന്തളിർ സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകാംഗമായ ഡോ. സാബു ജോൺ. ബാംഗ്ലൂർ ക്രൈസ്റ്റ് കോളജിൽ അസി. പ്രൊഫസറാണ്.

കേരള നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാന്റെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയായി അഡ്വ. സജി ജോർജ് നിയമിതനായി. ചൊവ്വള്ളൂർ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്. മലങ്കര സഭാ മുൻ മാനേജിംഗ് കമ്മിറ്റി അംഗമാണ്.





Maple Ridge Leaders Honor Catholicos at Community Ceremony

Maple Ridge, B.C.: HH Baselios Marthoma Mathews III Catholicos was honored at a ceremony in Maple Ridge attended by Mayor Dan Ruimy and MP Marc Dalton.


M. C. Kuriakose Ramban, Nainan Mathew, Abraham George, and Dr. Biju Mathew were present. The meeting was led by Dr. Biju Mathew.

Mayor Ruimy and MP Dalton extended their respects, underscoring the strong ties between Maple Ridge's faith communities and civic leaders.



അടൂർ ഡെപ്യൂട്ടി കളക്ടർ ആയി നിയമിതനായ ബിനു രാജ്. വൈ.എം.സി.എ. ഭാരവാഹി, സ്പോർട്സ് കൗൺസിൽ പത്തനംതിട്ട ജില്ലാ കൗൺസിൽ അംഗം, ബാറ്റ്മിന്റൺ അസോസിയേഷൻ സ്റ്റേറ്റ് ട്രഷറർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. പറക്കോട് സെന്റ് പോൾസ് ആൻഡ് സെന്റ് പീറ്റേഴ്സ് ഓർത്തോഡോക്സ് ഇടവക അംഗം.

പുസ്തകം



പരിസ്ഥിതിയുടെ സങ്കീർത്തനങ്ങൾ

അലക്സ് തെക്കൻനാട്ടിൽ

പ്രസാധകർ: സി.എസ്.എസ്., തിരുവല്ല

വില: 120.00



ക്യാനഡായിലെ Saskatchewan province ലെ റെജീന സെന്റ് ജോർജ് മലങ്കര ഓർത്തഡോക്സ് ഇടവകയിലേക്ക് ആദ്യമായി ഒരു മെത്രാപ്പോലീത്തായുടെ സന്ദർശനം. ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ ഇടവക സന്ദർശിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു.

വാർഡനെ ആവശ്യമുണ്ട്

പത്തനാപുരം മൗണ്ട് താബോർ ദയറയുടെ ചുമതലയിലുള്ള സെന്റ് സ്റ്റീഫൻസ് ബോർഡിംഗ് ഹോമിൽ ഒരു മെയിൽ വാർഡന്റെ ഒഴിവുണ്ട്.

താൽപര്യമുള്ളവർ ബയോഡേറ്റ സഹിതം ബോർഡിംഗ് ഓഫീസിൽ നേരിട്ട് എത്തുകയോ താഴെ പറയുന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

9497469626

ബിരുദധാരികൾക്കും മുൻപരിചയമുള്ളവർക്കും മുൻഗണന.





പരുമല സെമിനാരിയിൽ കബറടങ്ങിയിരിക്കുന്ന യൂയാക്കീം മാർ ഈവാനിയോസിന്റെ 101–ാമത് ഓർമ്മപ്പെരുന്നാൾ ആചരിച്ചു. ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത വിശുദ്ധ കുർബ്ബാനയ്ക്ക് പ്രധാന കാർമികത്വം വഹിച്ചു. ഡോ. യാക്കോബ് മാർ ഐറേനിയോസ്, പരുമല സെമിനാരി മാനേജർ ഫാ. എൽദോസ് ഏലിയാസ്, ഫാ. മാത്തുക്കുട്ടി ജെ., ഫാ. ഗീവർഗീസ് മാത്യു എന്നിവർ സഹകാർമികരായിരുന്നു.



ചെങ്ങന്നൂർ ഭദ്രാസന മെത്രാപോലിത്ത ഡോ. മാത്യൂസ് മാർ തിമോത്തിയോസ് കല്ലുങ്കൽ സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് സുറിയാനി ദേവാലയത്തിൽ പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ചു വൃക്ഷ തൈ നട്ടു.



ഗീവർഗീസ് മാർ പക്കോമിയോസ് ഞാറാക്കാട് സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളിയിൽ പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ചു വൃക്ഷ തൈ നടുന്നു.



ORDER OF AUSTRALIA AWARD

Australia: Chethicad Oommen Thomas, Memeber Of St. Mary's Indian Orthodox Cathedral, Melbourne being awarded the Medal of the Order of Australia (OAM) as part of the 2026 King's Birthday Honours. His Home Parish is Amichakari St Marys Orthodox Church (Niranam Diocese)

This prestigious national recognition has been bestowed upon him for his outstanding service to the Indian community in Victoria, including his dedicated contributions to the Church and the broader multicultural community.

For many decades, Thomas has been a respected community leader, known for his commitment to community welfare, migrant support, cultural engagement, and faith-based service. His selfless dedication has enriched countless lives and inspired many across generations



The Asst. Metropolitan, Diocesan Council, Clergy and Faithful of the Diocese of Asia Pacific extends its warmest congratulations to Professor Valsamma Eapen on being appointed an Officer of the Order of Australia (AO), one of the nation's highest honours, recognising distinguished service of a high degree to Australia and humanity. Professor Valsamma Eapen is a member of our St. Thomas Indian Orthodox Cathedral, Sydney.

Professor Eapen's remarkable contributions over more than three decades in the fields of child and adolescent psychiatry, neurodevelopmental research, and clinical care have transformed countless lives. Her leadership in shaping national guidelines on autism and ADHD, together with her commitment to advancing mental health care and research, stands as an inspiration to all.



മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ BSW (Bachelor of Social Work) കോഴ്സിൽ പറക്കോട് കാഞ്ഞിരവിള കിഴക്കേതിൽ ദിയ എൽസ ജിൻസ് രണ്ടാം റാങ്ക് കരസ്ഥമാക്കി. പറക്കോട് സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് വലിയപള്ളി ഇടവകാംഗമാണ്.